04
വെള്ളി
നവംബർ 2022
1198 തുലാം 18
Vol 4 Issue No 310

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08

www.keralapranamam.com
infokeralapranamam@gmail.com



## ‘തീരുമാനം ഏകപക്ഷീയം, പെൻഷൻപ്രായം ഉയർത്തൽ ചർച്ച ചെയ്തിട്ടില്ല’ ; സി.പി.എമ്മിൽ വിമർശനം

**തിരുവനന്തപുരം:** പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം ഏകീകരിക്കാൻ നേരത്തെ സർക്കാർ എടുത്ത തീരുമാനത്തിൽ സി.പി.എം.- സി.ഐ.ടി.യു. നേതൃത്വത്തിൽ അതൃപ്തി. പാർട്ടിയിലോ മുന്നണിയിലോ ചർച്ചചെയ്യാതെയാണ് തീരുമാനം എടുത്തതെന്നാണ് വിമർശനം. ഏകപക്ഷീയമായി തീരുമാനം എടുക്കേണ്ടിവന്നതിനാലാണ് തീരുമാനം പിൻവലിക്കേണ്ടി വന്നതെന്നും വിമർശനമുണ്ട്.പെൻഷൻ പ്രായം ഉയർത്താനുള്ള തീരുമാനം പാർട്ടിയിൽ ചർച്ചചെയ്തിട്ടില്ലെന്നും അതിനാലാണ് മരവിപ്പിക്കേണ്ടി വന്നതെന്നും സി.പി.എം. സെക്രട്ടറി എം.വി. ഗോവിന്ദൻ പ്രതികരിച്ചു. സർക്കാർ തന്നെ വ്യക്തമായ നിലപാട് എടുത്തതിനാൽ ഇനി അന്വേഷണത്തിന്റെ ആവശ്യമില്ലെന്നും അദ്ദേഹം മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. മന്ത്രിസഭയായിരുന്നു തീരുമാനം എടുത്തത്. പിന്നീട് മുഖ്യമന്ത്രി തന്നെ മുൻകൈ എടുത്ത, മന്ത്രിസഭ തന്നെ അതിൽ കൃത്യമായ നിലപാട് സ്വീകരിച്ച് തീരുമാനം മരവിപ്പിച്ചു. എങ്ങനെയാണ് തീരുമാനം വന്നതെന്നത് പരിശോധിക്കേണ്ട കാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഏകപക്ഷീയമായി എടുത്ത തീരുമാനമെന്നാണ് ട്രേഡ് യൂണിയൻ നേതൃത്വവും പാർട്ടി നേതൃത്വവും പെൻഷൻ പ്രായം ഉയർത്താനുള്ള തീരുമാനത്തെ വിലയിരുത്തുന്നത്. യുവജന സംഘടനകളുമായും ചർച്ച നടന്നില്ല. അത്തരത്തിൽ ചർച്ച നടത്തിയിരുന്നെങ്കിൽ വിവാദ തീരുമാനം ഉണ്ടാവില്ലായിരുന്നു. ആലോചന നടക്കാത്തതാണ് പ്രധാനപ്രശ്നം. നയപരമായ തീരുമാനം ആവശ്യമുള്ള വിഷയങ്ങളിൽ ചർച്ച ഉണ്ടാകാത്തതിലുള്ള പ്രതിഷേധവും പാർട്ടിക്കുള്ളിയിൽ ഉയർന്നിട്ടുണ്ട്. വെള്ളിയാഴ്ച മുതൽ നടക്കുന്ന പാർട്ടി നേതൃയോഗങ്ങളിലും വിഷയം ചർച്ചയായേക്കും.പെൻഷൻ പ്രായം ഉയർത്തിയത് പാർട്ടിയുമായി തീരുമാനിക്കാതെയാണെന്ന് നേരത്തെ ദേശീയ മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ പാർട്ടി സെക്രട്ടറി പറഞ്ഞിരുന്നു. 'ചർച്ച ചെയ്യാതെ തീരുമാനം എടുത്തപ്പോൾ എസ്.എഫ്.ഐയും ഡി.വൈ.എഫ്.ഐയും കോൺഗ്രസും ഉൾപ്പെടെയുള്ള സംഘടനകൾ ശക്തിയായി എതിർത്തിട്ടുണ്ട്. ആ എതിർപ്പാണ് ശരിയായത്. അറിയാതെ വരുന്ന തീരുമാനങ്ങളൊക്കെ അകാല ചരമം പ്രാപിക്കും. പെൻഷൻ പ്രായം ഉയർത്തേണ്ടതില്ലെന്നാണ് കാണുന്നത്.'- അഭിമുഖത്തിൽ എം.വി. ഗോവിന്ദൻ വ്യക്തമാക്കി. ഇതിന് പിന്നാലെയാണ് പാർട്ടിയിൽ എതിർപ്പുണ്ടെന്ന് വിവരം പുറത്തുവരുന്നത്.



## പാക് മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന് വെടിയേറ്റു

**ഇസ്ലാമാബാദ്:** മുൻ പാക് പ്രധാനമന്ത്രി ഇമ്രാൻ ഖാന് വെടിയേറ്റു. ഗഞ്ചൻവാലി പ്രവശ്യയിൽ റാലിയെ അഭിസംബോധന ചെയ്യവെ ആയിരുന്നു ആക്രമണം. അജ്ഞാതന്റെ വെടിവെപ്പിൽ ഇമ്രാന്റെ സഹപ്രവർത്തകരടക്കം അഞ്ച് പേർക്ക് പരിക്കേറ്റു. ഇമ്രാൻ ഖാന് കാലിലാണ് വെടിയേറ്റത്. അദ്ദേഹത്തെ ഉടൻ ഇസ്ലാമാബാദിലെ ആശുപത്രിയലേക്ക് മാറ്റിയിട്ടുണ്ട്. എകെ 47 തോക്ക് ഉപയോഗിച്ചാണ് വെടിയുതിർത്തതെന്നാണ് പുറത്തുവരുന്ന വിവരം.ആരുടെയും നില ഗുരുതരമല്ല. ഇസ്ലാമാബാദിന് സമീപമുള്ള ഗുഞ്ചൻവാല പ്രവിശ്യയിലായിരുന്നു സംഭവം. ഇമ്രാൻ കാന്റെ പാർട്ടിയുടെ നേതൃത്വത്തിൽ ഇസ്ലാമാബാദിലേക്കുള്ള റാലിക്കിടെയാണ് ആക്രമണമുണ്ടായത്. റാലിയിൽ സംസാരിക്കാൻ ഒരുങ്ങവെ അദ്ദേഹം സഞ്ചരിച്ചിരുന്ന കണ്ടെയ്നറിലേക്ക് വെടിയുതിർക്കുകയായിരുന്നു. ആക്രമത്തെ അപലപിച്ച് പാക് പ്രധാനമന്ത്രി ഷഹബാസ് രംഗത്തെത്തി. വിവിധ വിഷയങ്ങൾ ഉന്നയിച്ച് ഒക്ടോബർ 28 നാണ് ഇമ്രാൻ ഖാൻ ലാഹോറിൽ നിന്ന് ഇസ്ലാമാബാദിലേക്ക് പ്രതിഷേധ മാർച്ച് ആരംഭിച്ചത്. അധികാരത്തിന് പുറത്തായതിന് ശേഷം ഇമ്രാൻ ഖാന്റെ നേതൃത്വത്തിൽ പാക്കിസ്ഥാനിൽ പ്രതിഷേധങ്ങൾ തുടരുകയാണ്. ലാഹോറിൽ തുടങ്ങിയ മാർച്ച് വലിയൊരു സമ്മേളനത്തോടെ ഇസ്ലാമാബാദിൽ അവസാനിക്കും എന്നായിരുന്നു നേരത്തെ അറിയിച്ചിരുന്നത്.ലോംഗ് മാർച്ചിൽ അദ്ദേഹവുമായി അഭിമുഖം നടത്തുന്നതിനിടെ വാഹനത്തിൽ നിന്ന് താഴെ വീണ് റിപ്പോർട്ടർ മരിച്ചുവെന്ന റിപ്പോർട്ട് കഴിഞ്ഞ ദിവസം പുറത്തുവന്നിരുന്നു. ഇമ്രാൻ ഖാനെ അഭിമുഖം ചെയ്യുന്നതിനിടെ അദ്ദേഹം സഞ്ചരിച്ചിരുന്ന കണ്ടെയ്നറിൽ നിന്ന് താഴെ വീണാണ് ചാനൽ 5 വിന്റെ റിപ്പോർട്ടർ സദഫ് നയീം മരിച്ചതെന്ന് റിപ്പോർട്ടുകൾ പറയുന്നു. മരണത്തെ തുടർന്ന് ഇമ്രാൻ ഖാൻ ലോംഗ് മാർച്ച് താത്കാലികമായി നിർത്തിവച്ചിരുന്നു. സദഫ് നയീമിൻറെ കുടുംബത്തിന് അനുശോചനം രേഖപ്പെടുത്തിയ ഇമ്രാൻ ഖാൻ പരേതയുടെ ആത്മാവിന് വേണ്ടി പ്രാർത്ഥിക്കുമെന്നും അറിയിച്ചിരുന്നു.

## ക്രമക്കേടുണ്ടെങ്കിൽ നിയമനം നിലനിൽക്കില്ല; കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകാൻ വി സിമാർക്ക് സമയം നീട്ടി നൽകി




**കൊച്ചി:** ക്രമക്കേടുണ്ടെങ്കിൽ വൈസ് ചാൻസലർമാരുടെ നിയമനം നിലനിൽക്കില്ലെന്ന് ഹൈക്കോടതി. ചാൻസലർക്ക് സുപ്രീംകോടതിയോട് മറുപടി പറയാൻ ബാദ്ധ്യതയുണ്ടെന്നും കോടതി പറഞ്ഞു. കാരണം കാണിക്കൽ നോട്ടീസിനെതിരെ വി സിമാർ നൽകിയ ഹർജിയിൽ ഇടക്കാല ഉത്തരവ് പറയുകയായിരുന്നു കോടതി.

ഗവർണർ നൽകിയ കാരണം കാണിക്കൽ നോട്ടീസിന് മറുപടി നൽകാനുള്ള തീയതി തിങ്കളാഴ്ച വൈകിട്ട് അഞ്ച് മണി വരെ കോടതി നീട്ടി നൽകി. എതിർ സത്യവാങ്മൂലം നൽകാൻ ഗവർണർക്കും കോടതി സമയം അനുവദിച്ചു. നിലവിൽ രണ്ട് വി സിമാർ മറുപടി നൽകിയതായി ഗവർണർ കോടതിയെ അറിയിച്ചു. ഹർജികൾ ചൊവ്വാഴ്ച വീണ്ടും പരിഗണിക്കാനും കോടതി തീരുമാനിച്ചു.

രാജി വെയ്ക്കണമെന്ന ഗവർണരുടെ നോട്ടീസ് നേരത്തെ റദ്ദാക്കിയിരുന്നതായി വൈസ് ചാൻസിലർമാർ അറിയിച്ചു.ആദ്യ നോട്ടീസ് റദ്ദാക്കിയതിനാൽ അത് അനുസരിച്ചില്ല എന്ന കാരണത്താൽ രണ്ടാമത് നോട്ടീസ് അയക്കാൻ ആകില്ല. വൈസ് ചാൻസ്ലർ നിയമനത്തിൽ തെറ്റ് ഉണ്ടെങ്കിലും അത് തിരുത്താൻ ചാൻസലർക്ക് അധികാരമില്ലെന്നും വിസി മാർ വാദിച്ചു. സുപ്രീകോടതി വിധി പ്രാവർത്തികം ആക്കുക മാത്രമല്ലേ ചാൻസലർ ചെയ്തുള്ളൂ എന്ന് കോടതി ചോദിച്ചു. കോടതി വിധി പ്രകാരം ചാൻസിലർക്കു ഇടപെടാമെന്നും ഹൈക്കോടതി പരാമർശിച്ചു.കേരള സർവകലാശാല മുൻ വി സി മഹാദേവൻ പിള്ള അടക്കം ഏഴ് പേരാണ് ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളത്. ഗവർണറുടെ നടപടി നിയമപരമല്ലന്നാണ് ഹർജിക്കാർ പറയുന്നത്. എന്നാൽ ഗവർണറുടെ നോട്ടീസിന് മറുപടി നൽകുകയല്ലേ വേണ്ടത് എന്നായിരുന്നു ഹൈക്കോടതി കഴിഞ്ഞ ദിവസവും ഹർജിക്കാരോട് ചോദിച്ചത്.യുജിസി ചട്ടം പാലിക്കാതെയുള്ള നിയമനത്തിന്റെ പേരിൽ സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറെ പുറത്താക്കിയ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു ഒമ്പബത് വി സിമാരോട് 24 മണിക്കൂറിനുള്ളിൽ ഗവർണർ രാജിവെയ്ക്കാൻ ആവശ്യപ്പെട്ടത്.

## കേരളത്തിൽ മഴ അതിശക്തമാവും; തുലാവർഷത്തിനൊപ്പം ചക്രവാതച്ചുഴിയും, പത്ത് ജില്ലകളിൽ അലർട്ട്

**തിരുവനന്തപുരം:** കേരളത്തിൽ വീണ്ടും മഴ ശക്തമാവുകയാണ്. ഇന്ന് മുതൽ നവംബർ ഏഴു വരെ കേരളത്തിൽ വ്യാപക മഴയ്ക്ക് സാദ്ധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

പത്ത് ജില്ലകളിൽ മഴ മുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ യെല്ലോ അലർട്ട് നൽകിയിരിക്കുകയാണ്. തുലാവർഷത്തിനൊപ്പം തമിഴ്നാടിനും സമീപ പ്രദേശത്തിനും മുകളിലായി സ്ഥിതി ചെയ്യുന്ന ചക്രവാതചുഴി കൂടി എത്തുന്നതാണ് മഴ ശക്തമാകാൻ കാരണം.

മലയോര മേഖലകളിൽ ഒറ്റപ്പെട്ട ശക്തമായ ഇടിയോടു കൂടിയ മഴക്ക് സാദ്ധ്യത ഉള്ളതിനാൽ കഴിഞ്ഞ ദിവസങ്ങളിൽ ശക്തമായ മഴ ലഭിച്ച മലയോരപ്രദേശങ്ങളിൽ ഓറഞ്ച് അലർട്ടിന് സമാനമായ ജാഗ്രത പാലിക്കേണ്ടതുണ്ട്. നഗര പ്രദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടാനും ചെറിയ വെള്ളപ്പൊക്കങ്ങൾ ഉണ്ടാകുവാനും സാദ്ധ്യതയുള്ളതിനാൽ മുൻകരുതലുകൾ സ്വീകരിക്കാൻ അധികൃതരോടും പൊതുജനങ്ങളോടും ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി. അതിശക്തമായ മഴ ലഭിക്കുന്ന സാഹചര്യമുള്ളതിനാൽ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവയുണ്ടാകാൻ സാദ്ധ്യതയുണ്ട്. ഡാമുകളുടെ റൂൾ കർവുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ചെറിയ ഡാമുകളിൽ നേരത്തെ തന്നെ തയ്യാറെടുപ്പുകൾ നടത്താനും കെ എസ് ഇ ബി, ഇറിഗേഷൻ, കെ ഡബ്യൂ എ വകുപ്പുകൾക്ക് നിർദേശം നൽകേണ്ടതാണ്. നദികളിലെ ജലനിരപ്പ് ഉയരുന്നത് സംബന്ധിച്ച് പ്രത്യേകം നിരീക്ഷിക്കേണ്ടതാണെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് നിർദേശിക്കുന്നു.

## ഗവർണർ ഉന്നയിച്ചത് ഗുരുതര ആരോപണം’; ആർജവം ഉണ്ടെങ്കിൽ സർക്കാരിനെ പിരിച്ചുവിടാൻ ആവശ്യപ്പെടണമെന്ന് കെ.സുധാകരൻ


**തിരുവനന്തപുരം:** സ്വർണക്കടത്ത് കേസിൽ ഗവർണർക്ക് പൂർണ പിന്തുണയെന്ന് കെപിസിസി പ്രസിഡന്റ് കെ.സുധാകരൻ. മുഖ്യമന്ത്രിയുടെ ഓഫീസിലുള്ളവർ സ്വർണക്കടത്ത് കേസിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ നിയമപരമായി ഇടപെടുമെന്ന ഗവർണറുടെ നിലപാടിനെ സ്വാഗതം ചെയ്യുന്നുവെന്ന് സുധാകരൻ പറഞ്ഞു. ഗവർണർ ഉന്നയിച്ചത് ഗൗരവമുള്ള വിഷയമാണ്. അതിൽ ഉറച്ചു നിൽക്കുന്നുവെങ്കിൽ സർക്കാരിനെ പിരിച്ചുവിടാൻ ഗവർണർ കേന്ദ്രത്തോട് ആവശ്യപ്പെടണം. അന്വേഷണത്തിന് ഉത്തരവ് ഇടാൻ എങ്കിലും കേന്ദ്രത്തോട് പറയണം. പ്രോസിക്യൂഷൻ നടപടികൾക്ക് അനുമതി നൽകേണ്ടത് ഗവർണർ തന്നെ അല്ലേയെന്നും സുധാകരൻ ചോദിച്ചു. അങ്ങനെ എങ്കിൽ അദ്ദേഹം അനുമതി നൽകട്ടെ. നീതിപൂർവം പ്രവർത്തിക്കാനുള്ള ആർജവം ഉണ്ടെങ്കിൽ അത് ചെയ്യട്ടേ. അത് ചെയ്യാതെയുള്ള യുക്തിരാഹിത്യം അംഗീകരിക്കാനാവില്ലെന്നും സുധാകരൻ പറഞ്ഞു. വെറുതെ മാറി ഇരുന്ന് ഒരൊന്നും പറയുന്നതിനെ അനുകൂലിക്കുന്നില്ല. സവകലാശാലകളിലേത് വഴിവിട്ട നിയമനമാണ് എന്ന് അറിഞ്ഞ ശേഷവും ഇതൊന്നും തിരുത്താൻ ഗവർണർ തയാറായില്ല. സർക്കാരുമായി തെറ്റിയപ്പോൾ ആണ് എല്ലാം പറയുന്നതെന്നും കെ.സുധാകരൻ പറഞ്ഞു. ഗവർണറെ വിമർശിക്കേണ്ട ഇടത്ത് വിമർശിച്ചിട്ടുണ്ട്. തങ്ങൾ ഗവർണറുടെ വക്താവ് അല്ല. തങ്ങൾ ഉന്നയിച്ച ആരോപണം ആണ് ഗവർണർ പറയുന്നത്. ഗവർണറെ വച്ച് കേരളത്തിൽ കേന്ദ്രം പിൻസീറ്റ് ഡ്രൈവിംഗ് നടത്തുന്നു എന്ന അഭിപ്രായം കോൺഗ്രസിനില്ല. അതെല്ലാം നടക്കുന്നത് ഉത്തരേന്ത്യയിലാണ്. ഉത്തരേന്ത്യയിലെ പോലെ കാവിവത്കരണം ഇവിടെ ഇല്ല. അത് എതിർക്കാൻ ശക്തമായ പ്രതിപക്ഷം ഇവിടെ ഉണ്ട്. കോൺഗ്രസിന് സങ്കുചിത താത്പര്യം ഇല്ല. കേരളത്തിലെ സാഹചര്യത്തിന് അനുസരിച്ചാണ് ഇവിടുത്തെ നിലപാട്. ഗവർണർ ശരി പറഞ്ഞാൽ അനുകൂലിക്കും, തെറ്റ് പറഞ്ഞാൽ എതിർക്കും. കേരളത്തിൽ യുഡിഎഫ് സർക്കാർ ആയിരുന്നെങ്കിൽ ഗവർണർ ഇങ്ങനെ ഒന്നും ചെയ്യില്ലായിരുന്നു. ഗവർണറെ വച്ചുള്ള നീക്കം ഒന്നും ഇവിടെ ഇല്ല. ആർഎസ്എസ് പ്രതിനിധിയെ രാജ്ഭവനിൽ നിയമിച്ചെങ്കിൽ ആരോപണം ഉന്നയിച്ചവർ ചൂണ്ടിക്കാണിക്കട്ടെ എന്നും സുധാകരൻ പറഞ്ഞു. മന്ത്രിമാർ ഗവർണറെ പറ്റി സംസാരിക്കുമ്പോൾ ഒരു പ്രോട്ടോക്കോൾ ഉണ്ട്, അത് പാലിക്കണം. കേരളത്തിൽ ബിജെപി ഒന്നുമല്ല. ഒറ്റ എംഎൽഎ പോലുമില്ലാത്ത ബിജെപക്ക് എതിരെ ഇവിടെ എന്തിന് സമരം നടത്തണം എന്നും സുധാകരൻ ചോദിച്ചു. സ്വർണക്കടത്ത്, വിസി വിഷയങ്ങളിൽ ഗവർണർ എന്ത് ചെയ്യുന്നു എന്ന് നോക്കട്ടെ എന്നും കെപിസിസി പ്രസിഡന്റ് പറഞ്ഞു. ഗവർണർ മാധ്യമപ്രവർത്തകരോട് മുഖം തിരിക്കരുതെന്നും സുധീകരൻ ആവശ്യപ്പെട്ടു.





### ആശാൻ

പെൻഷൻപ്രായം ഉയർത്തൽ ചർച്ചചെയ്തിട്ടില്ല’; സി.പി.എമ്മിൽ വിമർശനം



പൂച്ച പാലുകുടിച്ചത് പൂച്ച മാത്രമേ അറിഞ്ഞുള്ളൂ

APIS Kidney Stone Institute & Scan Center
Near SBI Bank,Kunnummal,Kanhangad
Ph: 2207090, 9037967063, Kasaragod: 8891910909
കിഡ്നിയിലെ കല്ല് ഇനി കീഹോൾ സർജറി വേണ്ട....
ഡോ. മുഹമ്മദ് സലിം
യൂറോളജിസ്റ്റ്
(മംഗലാപുരം - എല്ലാ ദിവസവും 5 PM)
(തിങ്കൾ, ബുധൻ, വെള്ളി 12 PM)
ഡോ. രാഘവേന്ദ്ര
ന്യൂറോളജിസ്റ്റ്
(മംഗലാപുരം - ബുധൻ 1 PM )
നെഫ്രോളജിസ്റ്റ്
ഡോ. അഭയ നാരായണ
MBBS. MD. DNB
(മംഗലാപുരം - വ്യാഴം 3 PM )
ഡോ. ഗീത പൈ
(എല്ലാ ദിവസവും 3 PM)
ഡോ. പ്രകാശ് പൈ
(എല്ലാ ദിവസവും 3 PM)
അൾട്രാ സൗണ്ട് സ്കാനിംഗ് എല്ലാ ദിവസവും

കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## കേരളത്തിൽ ജീവിക്കുക അതീവ ദുഷ്കരമാകുകയാകും

വിലക്കയറ്റം ഇങ്ങനെ തുടർന്നാൽ എങ്ങനെ ജീവിക്കുമെന്ന ആധിയാണ് എങ്ങും. ഉപ്പുതൊട്ട് കർപ്പൂരം വരെ സാധനങ്ങൾക്ക് വില കയറിയെന്ന് വെറുതേ ആലങ്കാരികമായി പറയുന്നതല്ല. പൊള്ളുന്ന വിലയിൽ കുടുംബ ബജറ്റ്താളംതെറ്റുമ്പോഴുള്ള ആശങ്ക സംസ്ഥാനത്ത് നിറഞ്ഞിരിക്കുന്നു. വിലക്കയറ്റമുണ്ടെന്നു സമ്മതിക്കുന്നു, പക്ഷേ ഇത് കേരളത്തിൽ മാത്രമല്ലല്ലോ... പതിവ് പല്ലവിയാണ് ഭരണാനുകൂലികൾക്ക് പങ്കുവയ്ക്കാനുള്ളത്. വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയാത്തത് സർക്കാരിന്റെ പിടിപ്പുകേടെന്നു വിമർശിച്ച് പ്രതിപക്ഷവും രംഗത്തുണ്ട്. എന്നാൽ ഭരണ, പ്രതിപക്ഷാംഗങ്ങളുടെ രാഷ്ട്രീയക്കളിക്കിടെ ജനങ്ങളുടെ നിത്യജീവിതത്തെ സാരമായി ബാധിക്കുന്ന ഇത്തരം വിഷയങ്ങളിൽ സജീവമായ ഇടപെടൽ ഉണ്ടാകാത്തതിന്റെ ഫലമാണ് ഇപ്പോഴത്തെ നിയന്ത്രണാതീത വിലക്കയറ്റമെന്ന വിമർശനമാണ് ജനത്തിനുള്ളത്. കോവിഡിന്റെ വരവ് ലോക സമ്പദ്‌വ്യവസ്ഥയെ ഒന്നാകെ ഉലയ്ക്കുകയുണ്ടായി. തുടർന്ന്, റഷ്യ-യുക്രെയ്ൻ യുദ്ധം, കാലാവസ്ഥാ മാറ്റങ്ങൾ, ഇന്ധന വില തുടങ്ങിയ പലതും ലോകത്താകെ വിലക്കയറ്റത്തിനു കാരണമായി മാറുകയും ചെയ്തു. യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ പ്രകൃതി വാതകത്തിന്റെയും വൈദ്യുതിയുടെയും വില കുത്തനെ ഉയർന്നതോടെ യൂറോപ്പിലെ വിലക്കയറ്റം റെക്കോഡ് ഭേദിച്ചിരിക്കുകയാണ്. യൂറോ ഉപയോഗിക്കുന്ന 19 രാജ്യങ്ങളിലെ വിലക്കയറ്റം ഒക്ടോബറിൽ 10.7 ശതമാനമായി ഉയർന്നതായാണ് യൂറോപ്യൻ യൂണിയന്റെ സ്റ്റാറ്റിസ്റ്റിക്സ് ഏജൻസിയായ യൂറോസ്റ്റാറ്റിന്റെ റിപ്പോർട്ടിൽ പറയുന്നത്. എന്നാൽ, മിക്ക ഉത്പന്നങ്ങൾക്കും 25 ശതമാനം മുതൽ 90 ശതമാനമോ ഇരട്ടിയിലധികമോ വില വർധനയാണ് കേരളത്തിൽ ഉണ്ടായിരിക്കുന്നത്. മാസത്തിൽ 2000 രൂപയ്ക്ക് സാധനങ്ങൾ വാങ്ങിയിരുന്നവർക്ക് മൂവായിരം രൂപ ചിലവാക്കിയാൽപ്പോലും തികയാത്ത അവസ്ഥ. പച്ചക്കറി, പലവ്യഞ്ജനം, മറ്റ് എല്ലാത്തരം ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ വില കയറുമ്പോൾ അതിനൊപ്പം വരുമാന വർധനയില്ലാതെ ജനം പകച്ചുനിൽക്കുന്നു.വിലക്കയറ്റം പിടിച്ചുനിർത്താൻ വിപണിയിൽ കൃത്യമായ ഇടപെടൽ നടത്തുമെന്ന് ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ വ്യക്തമാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സിവിൽ സപ്ലൈസ്കോർപറേഷന്റെ സഞ്ചരിക്കുന്ന അരിവണ്ടി ഇന്നലെ മുതൽ ഓടിത്തുടങ്ങി. റേഷൻ കാർഡ് ഉടമകൾക്ക് കൂടുതൽ അരി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാനുള്ള നീക്കം ഈയവസരത്തിൽ തീർച്ചയായും ഗുണകരമാണ്. എന്നാൽ, വിലക്കയറ്റത്തെക്കുറിച്ച് പറയുമ്പോഴെല്ലാം സിവിൽ സപ്ലൈസ് കോർപറേഷൻ വഴിയുള്ള ഭക്ഷ്യധാന്യ വിതരണത്തിന് അപ്പുറം ഒന്നും ചെയ്യാനോ പറയാനോ കേരളത്തിനു കഴിയിന്നില്ല എന്നതല്ലേ ഗതികേട്?. സംസ്ഥാനത്ത് 92.88 ലക്ഷം കാർഡ് ഉടമകളാണുള്ളത്. ഇതിന്റെ 10 ശതമാനത്തോളം കാർഡ് ഉടമകൾക്കുള്ള സാധനങ്ങളേ സപ്ലൈകോ വഴി വിതരണം ചെയ്യുന്നുള്ളൂ. പത്ത് ഇനം പലവ്യഞ്ജനത്തിനുമാത്രമാണ് സബ്സിഡി നിരക്കുള്ളത്. ഇതിലൂടെമാത്രം പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കാൻ ഒരു കാലത്തും കഴിയില്ല. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് എന്തിനും മറ്റുള്ളവരെ ആശ്രയിക്കേണ്ട ഗതികേടാണുള്ളത്. എന്നതുകൊണ്ടുതന്നെ വിതരണത്തിനൊപ്പം സംഭരണത്തിലും ദീർഘവീക്ഷണത്തോടെ ആസൂത്രണം ഉണ്ടെങ്കിൽ മാത്രമേ വിപണിയിലെ ചാഞ്ചാട്ടത്തെ അതിജീവിച്ച് വിലക്കയറ്റം പിടിച്ചു നിർത്താനും ജനങ്ങൾക്ക് ആശ്വാസം നൽകാനും കഴിയൂ. അതിന് വിപുലമായ പദ്ധതികൾ ആവശ്യമാണ്. ആന്ധ്ര, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽ നിന്നാണ് കേരളീയർക്ക് ആവശ്യമുള്ള 90 ശതമാനം അരിയും എത്തുന്നത്. എന്നിരിക്കേ, അരിയുടെ വില ഇരട്ടിയോളം വർധിക്കുകയും ക്ഷാമം നേരിടുകയും ചെയ്തതിനുശേഷം മാത്രം ഇടപെടൽ നടത്തുന്നത് നമ്മുടെ രീതികളിലെ പോരായ്മ തുറന്നുകാട്ടുന്നു. വിലക്കയറ്റം തടയാൻ സഹായകരമാകുമെന്നു പ്രതീക്ഷിച്ച ആന്ധ്രയിൽനിന്നുള്ള ജയ അരിയുടെ വരവ് ഉടനുണ്ടാവില്ലെന്ന് വ്യക്തമായി. ആന്ധ്ര ഭക്ഷ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ അഞ്ച് മാസം കഴിഞ്ഞ് 3840 ടൺ അരിതരാമെന്നാണ് പറഞ്ഞിരിക്കുന്നത്. കേരളത്തിൽ 60-65 രൂപയ്ക്ക് ലഭ്യമായ ഒരു കിലോ അരി 30-35 രൂപയ്ക്ക് ഗൾഫിൽ ലഭിക്കുമെന്ന് പറയുമ്പോൾ കേരളീയർക്കു മൂക്കത്ത് വിരൽവച്ചു നിൽക്കുകയേ നിലവിൽ തരമുള്ളൂ. മറ്റുള്ളവർ കൃഷി ചെയ്ത് വിളവെടുത്ത് തരുന്നതും നോക്കിയിരിക്കുന്ന സംസ്ഥാനം കൂടുതൽ മുൻകരുതലുകൾ സ്വീകരിച്ചില്ലെങ്കിൽ വിലനിയന്ത്രണം മരീചികയായി തുടരും. കേരളത്തിൽ ജീവിക്കുക അതീവ ദുഷ്കരമാകുകയാകും അനന്തര ഫലം



# ഇനി അഴിമതിക്കെതിരെ വീട്ടിലിരുന്നുകൊണ്ട് പരാതി നൽകാം, നടപടികൾ പരിശോധിക്കാം; കംപ്ലെയിന്റ് മാനേജ്മെന്റ് സിസ്റ്റം പോർട്ടൽ ഉദ്ഘാടനം ചെയ്ത് പ്രധാനമന്ത്രി

**ന്യൂഡൽഹി:** അഴിമതിക്കാരെ ഒരു കാരണവശാലും രക്ഷപ്പെടാൻ അനുവദിക്കരുതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. അഴിമതിക്കാർക്ക് രാഷ്ട്രീയവും സാമൂഹികവുമായ സംരക്ഷണം നൽകരുതെന്നും അദ്ദേഹം പറഞ്ഞു.

ഡൽഹി വിജ്ഞാൻ ഭവനിൽ കേന്ദ്ര വിജിലൻസ് കമ്മീഷന്റെ ബോധവത്കരണ വാരാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഴിമതി ഒരു തിന്മയാണെന്നും അതിൽ നിന്ന് നാം വിട്ടുനിൽക്കണമെന്നും മോദി പറഞ്ഞു. കേന്ദ്ര വിജിലൻസ് കമ്മീഷന്റെ (സിവിസി) പുതിയ കംപ്ലെയിന്റ് മാനേജ്മെന്റ് സിസ്റ്റം പോർട്ടലിന്റെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. അഴിമതിയുമായി ബന്ധപ്പെട്ട പരാതികൾ ഓൺലൈനായി നൽകാൻ ജനങ്ങളെ സഹായിക്കുന്നതാണ് പുതിയ പരാതി സംവിധാനമെന്നും, തങ്ങളുടെ പരാതിയുടെ പുരോഗതി പരിശോധിക്കാൻ ഇത് സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പുകളുടെ റാങ്കിംഗ് നടത്തണമെന്നും ഉദ്യോഗസ്ഥർക്കെതിരായ അഴിമതിക്കേസുകൾ തക്ക സമയത്ത് തീർപ്പാക്കണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു. അഴിമതിക്കെതിരെ പൊതുജനങ്ങൾക്ക് ബോധവത്കരണം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 'വികസിത രാഷ്ട്രത്തിന് അഴിമതി രഹിത ഇന്ത്യ' എന്ന വിഷയത്തിൽ ഒക്ടോബർ 31 മുതൽ നവംബർ ആറ് വരെ വിജിലൻസ് ബോധവത്കരണ വാരം സംഘടിപ്പിക്കുന്നത്.







# അങ്കത്തിനൊരുങ്ങി' ഗുജറാത്ത്, തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചു; നടക്കുന്നത് ത്രികോണ പോരാട്ടം


**ന്യൂഡൽഹി:** ഗുജറാത്തിൽ തിരഞ്ഞെടുപ്പ് നടക്കുക രണ്ട് ഘട്ടങ്ങളിലായി. ഡിസംബർ ഒന്ന്, അഞ്ച് തീയതികളിലാണ് വോട്ടെടുപ്പ്.ഡിസംബർ എട്ടിനാണ് വോട്ടെണ്ണൽ. 51,782 പോളിംഗ് സ്റ്റേഷനുകളിലായി ആകെ 4.9 കോടി വോട്ടർമാരാണ് ഉള്ളത്. 3,24,47 പേർ കന്നിവോട്ടർമാരാണ്.

അടുത്തവർഷം ഫെബ്രുവരി 18നാണ് ഭൂപേന്ദ്രഭായി പട്ടേൽ സർക്കാരിന്റെ കാലാവധി കഴിയുക. 182 അംഗ നിയമസഭയിൽ ബിജെപിക്ക് 111 എംഎൽഎമാരും കോൺഗ്രസിന് 62 എംഎൽഎമാരുമുണ്ട്. കഴിഞ്ഞ 27 വർഷമായി ബി ജെ പിയാണ് സംസ്ഥാനം ഭരിക്കുന്നത്.

ഗുജറാത്തിൽ ഇത്തവണ ത്രികോണ പോരാട്ടമാണ് നടക്കുന്നത്. ബി ജെ പിക്കും കോൺഗ്രസിനും കനത്ത വെല്ലുവിളിയുയർത്തി ആം ആദ് മി പാർട്ടി രംഗത്തുണ്ട്. ഭരണത്തുടർച്ച കിട്ടുമെന്നാണ് ബി ജെ പി നേതൃത്വം കരുതുന്നതെങ്കിലും, ആം ആദ് മി കൺവീനറും ഡൽഹി മുഖ്യമന്ത്രിയുമായ അരവിന്ദ് കേജ്‌രിവാളിന്റെ പരിപാടികളിലെ ജനപങ്കാളിത്തം ആശങ്കയുണ്ടാക്കിയിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ.കറൻസി നോട്ടുകളിൽ ലക്ഷ്മിദേവിയുടേയും ഗണേശ ഭഗവാന്റെയും ചിത്രം കൂടി ഉൾപ്പെടുത്തണമെന്ന് ദിവസങ്ങൾക്ക് മുമ്പ് അരവിന്ദ് കേജ്‌രിവാൾ പറഞ്ഞിരുന്നു. ഗുജറാത്ത് തിരഞ്ഞെടുപ്പ് ലക്ഷ്യമിട്ടായിരുന്നു കേജ്‌രിവാളിന്റെ നീക്കം.

അഭിപ്രായ സർവേകൾ ബി ജെ പിക്ക് അനുകൂലമായിരുന്നു. എന്നാൽ മോർബി അപകടം പാർട്ടിക്ക് തിരിച്ചടിയാകുമോയെന്ന് നേതൃത്വത്തിന് ഭയമുണ്ട്. അപകടത്തിന് കാരണം സർക്കാരാണെന്ന് പ്രതിപക്ഷം ആരോപിച്ചിരുന്നു.

ഹിമാചൽ പ്രദേശിലെ നിയമസഭാ തിരഞ്ഞെടുപ്പ് തീയതി കഴിഞ്ഞമാസം പ്രഖ്യാപിച്ചിരുന്നു. ഈ മാസം പന്ത്രണ്ടിനാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ഹിമാചലിലും ഡിസംബർ എട്ടിനാണ് വോട്ടെണ്ണൽ.



## മനുഷ്യരക്തം രുചിച്ച് തെരുവുനായ; ഉത്തർപ്രദേശിലെ സർക്കാർ ആശുപത്രിയുടെ ശോചനീയാവസ്ഥ പുറത്ത്

**ലക്നൗ:** ഉത്തർപ്രദേശിൽ കുശിനഗറിലെ ഒരു സർക്കാർ ആശുപത്രിയിൽ തറയിൽ രക്തം വാർന്ന് കിടക്കുന്ന രോഗിയുടെ വീഡിയോ പുറത്ത്.

അത്യാഹിത വിഭാഗത്തിലുള്ള രോഗിയുടെ അടുത്ത് ഒരു തെരുവുനായ നിൽക്കുന്ന പരിതാപകരമായ അവസ്ഥയും വീഡിയോയിൽ കാണാം . കിഴക്കൻ ഉത്തർ പ്രദേശിലെ ജില്ല ആശുപത്രിയിലാണ് ഈ അവസ്ഥ. 28 സെക്കൻഡ് ദൈർഘ്യമുള്ള വീഡിയോയിൽ ശൂന്യമായി കിടക്കുന്ന കിടക്കകളും ഡോക്ടറോ നേഴ്സോ ഇല്ലെന്നും കാണാൻ കഴിയുന്നു. തെരുവ് നായ രക്തം വാർന്ന് കിടക്കുന്ന രോഗിയുടെ അടുത്ത് പോയി രക്തം മണത്ത് നോക്കുന്നതും കടന്നുപോകുന്നതും വീഡിയോയിൽ ഉണ്ട്.

ഇയാൾ അപകടത്തിൽപ്പെട്ടയാളാണെന്നും മദ്യപിച്ചിരുന്നതായും ചികിത്സയ്ക്കിടെ പലതവണ കിടക്കയിൽ നിന്ന് വീണതായും ആശുപത്രിയുടെ ചുമതലയുള്ള ഡോക്ടർ എസ് കെ വർമ പറഞ്ഞു. ഇയാളെ പിന്നീട് ഗോരഖ്പൂരിലെ ആശുപത്രിയിലേക്ക് മാറ്റി. വീഡിയോ ഷൂട്ട് ചെയ്യുമ്ബോൾ ഡോക്ടറും ജീവനക്കാരനും മറ്റൊരു വാർഡിൽ ആയിരുന്നുയെന്ന് ഡോക്ടർ അവകാശപ്പെടുന്നു. അതേസമയം ജില്ലാ ആശുപത്രിയിലെ ഡ്യൂട്ടിയിലുള്ള ഡോക്ടർക്കെതിരെ റിപ്പോർട്ട് ആരോഗ്യവകുപ്പിന് അയച്ചതായി ജില്ലാ മജിസ്ട്രേറ്റ് സായി അറിയിച്ചു.




## പാറശ്ശാല കൊലക്കേസ് കേരള പൊലീസ് തന്നെ അന്വേഷിക്കും; മുഖ്യമന്ത്രിയുടെ ഓഫീസ് ഉറപ്പ് നൽകിയായി ഷാരോണിന്റെ കുടുംബം

**തിരുവനന്തപുരം:** പാറശ്ശാല ഷാരോൺ കൊലക്കേസ് കേരള പൊലീസ് തന്നെ തുടർന്നും അന്വേഷിക്കും. കേസ് അന്വേഷണം തമിഴ്നാടിന് കൈമാറില്ലെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് ഷാരോണിന്റെ കുടുംബത്തെ അറിയിച്ചു. കേസിന്റെ അധികാരപരിധി സംബന്ധിച്ച് ചില സംശയങ്ങൾ കേരള പൊലീസിന് ഉണ്ടായിരുന്നു. കൃത്യം നടന്ന സ്ഥലം, തൊണ്ടിമുതൽ കണ്ടെടുത്ത സ്ഥലം ഇവയെല്ലാം തമിഴ്നാടിന്റെ പരിധിയിലായതിനാൽ തുടരന്വേഷണം തമിഴ്നാട് പൊലീസിനെ ഏൽപ്പിച്ചേക്കുമെന്ന് അഭ്യൂഹങ്ങൾ ഉയർന്നിരുന്നു. റൂറൽ എസ്പി ഇക്കാര്യത്തിൽ നിയമോപദേശം തേടിയിരുന്നു. ഈ നിയമോപദേശത്തിൻമേൽ ആഭ്യന്തര സെക്രട്ടറി തീരുമാനമെടുക്കാനിരിക്കെയാണ് കൊല്ലപ്പെട്ട ഷാരോണിന്റെ കുടുംബം മുഖ്യമന്ത്രിക്ക് നിവേദനം നൽകാനെത്തിയത്. കേരളാ പൊലീസ് തന്നെ കേസ് തുടർന്നും അന്വേഷിക്കണം എന്നതായിരുന്നു ആവശ്യം. മുഖ്യമന്ത്രി ഓഫീസിൽ ഉണ്ടായിരുന്നില്ലെങ്കിലും കേരള പൊലീസ് തന്നെ തുടർന്നും അന്വേഷിക്കും എന്ന ഉറപ്പ് അദ്ദേഹത്തിന്റെ ഓഫീസ് നൽകിയതായി ഷാരോണിന്റെ അച്ഛൻ ജയരാജ് പറഞ്ഞു.

ഷാരോൺ വധക്കേസിലെ പ്രതികളെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്യാൻ ജില്ലാ ക്രൈംബ്രാഞ്ച് ഒരുങ്ങുമ്പോഴാണ് നിയമോപദേശം ലഭിച്ചത്. കേസന്വേഷണത്തിന്റെ അധികാര പരിധി സംബന്ധിച്ച് സംശയമുള്ളതിനാൽ റൂറൽ എസ്പി നിയമോപദേശം തേടുകയായിരുന്നു. ഷാരോണിനിനെ കൊലപ്പെടുത്താൻ ഗ്രീഷ്മയും മറ്റ് പ്രതികളും ചേർന്ന് ഗൂഢാലോചന നടത്തിയതും വിഷം വാങ്ങി കൊടുത്തതും തെളിവ് നശിപ്പിച്ചതും തമിഴ്നാട്ടിലാണ്. മരണം സംഭവിച്ചിരിക്കുന്നത് തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലും. കേസെടുത്തത് പാറാശാല പൊലീസും. കുറ്റപത്രം നൽകി വിചാരണയിലേക്ക് പോകുമ്പോൾ അന്വേഷണ പരിധി പ്രതികൾ ചോദ്യം ചെയ്താൽ കേസിനെ ബാധിക്കാൻ സാധ്യതയുള്ളതിനാൽ തുടരന്വേഷണം തമിഴ്നാട് പൊലീസിന് കൈമാറണമെന്നായിരുന്നു ജില്ലാ പബ്ലിക് പ്രോസിക്യൂട്ടർ നൽകിയ നിയമോപദേശം.

ഷാരോൺ മരിച്ചത് തിരുവനന്തപുരം മെഡിക്കൽ കോളോജ് ആശുപത്രിയിലായതിനാൽ കേസ് കൈമാറേണ്ട ആവശ്യമില്ലെന്ന് മുൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ടി.അസഫലി അടക്കമുള്ള ഒരു വിഭാഗം നിയമ വിദഗ്ധർ ചൂണ്ടിക്കാട്ടിയിരുന്നു. നിയമോപദശം ഡിജിപി പരിശോധിച്ച ശേഷമായിരിക്കും സർക്കാരിനെ അഭിപ്രായം അറിയിക്കുക. മറ്റൊരു സംസ്ഥാനത്തേക്ക് കേസ് മാറ്റണമെങ്കിൽ ആഭ്യന്തര സെക്രട്ടറിയാണ് ഉത്തരവിറക്കേണ്ടത്.



## പേരൂർക്കടയിലെ ലൈംഗികാതിക്രമക്കേസിലെ പ്രതിയും സന്തോഷ് തന്നെ; തിരിച്ചറിഞ്ഞത് വിരലടയാള പരിശോധനയിൽ

**തിരുവനന്തപുരം:** പേരൂർക്കടയിൽ വീട്ടിൽ അതിക്രമിച്ച് കയറി യുവതിയോട് ലൈംഗികാതിക്രമം നടത്തിയ കേസിലെ പ്രതിയും മ്യൂസിയത്തിന് സമീപം വനിതാ ഡോക്ടറെ ആക്രമിച്ച കേസിലെ പ്രതിയും ഒരാൾ തന്നെയെന്ന് തെളിഞ്ഞു.

ഫോറൻസിക് ലാബിലെ വിരലടയാള പരിശോധനയിലാണ് ഇരുകേസുകളിലെയും പ്രതി മലയിൻകീഴ് മച്ചയിൽ ശിവജിപുരം പത്മനാഭവിലാസം വീട്ടിൽ സന്തോഷാണെന്ന് സ്ഥിരീകരിച്ചത്.

കഴിഞ്ഞവർഷം ഡിസംബറിലാണ് പേരൂർക്കടയിലെ കേസിനാസ്പദമായ സംഭവം നടന്നത്. നഗരത്തിൽ പഠിക്കാനെത്തിയ പെൺകുട്ടി താമസിച്ചിരുന്ന വീട്ടിൽ അതിക്രമിച്ചുകയറിയ പ്രതി ലൈംഗികാതിക്രമം നടത്തുകയായിരുന്നു. സംഭവത്തിന് പിന്നാലെ കേസ് രജിസ്റ്റർ ചെയ്യുകയും പൊലീസ് ശാസ്ത്രീയ തെളിവുകൾ അടക്കം ശേഖരിക്കുകയും ചെയ്തിരുന്നു. മ്യൂസിയത്തെയും കുറവൻകോണത്തെയും കേസുമായി ബന്ധപ്പെട്ട് സന്തോഷിന്റെ ചിത്രങ്ങൾ മാദ്ധ്യമങ്ങളിൽ വന്നതിന് പിന്നാലെ പരാതിക്കാരിയായ യുവതി ഇയാളെ തിരിച്ചറിയുകയായിരുന്നു.

തുടർന്ന് പൊലീസിൽ വിവരമറിയിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രതിയുടെ വിരലടയാളം പരിശോധനയ്ക്ക് അയച്ചത്. പേരൂർക്കടയിലെ കേസിനോടനുബന്ധിച്ച് ശേഖരിച്ച വിരലടയാളവും പ്രതിയുടെ വിരലടയാളവും ഒന്നുതന്നെയെന്ന് പിന്നാലെ റിപ്പോർട്ടിൽ വ്യക്തമാവുകയായിരുന്നു. പേരൂർക്കടയിലെ കേസുമായി ബന്ധപ്പെട്ട് സന്തോഷിനെ കസ്റ്റഡിയിൽ വാങ്ങി ചോദ്യം ചെയ്യാനൊരുങ്ങുകയാണ് പൊലീസ്.

കഴിഞ്ഞ 26ന് പുലർച്ചെയായിരുന്നു മ്യൂസിയത്തിലെ സംഭവം നടന്നത്. കവടിയാർ ഭാഗത്ത് ഗവ. ഒഫ് കേരള എന്ന ബോർഡ് വച്ച കാർ പാർക്ക് ചെയ്തശേഷമാണ് കുറവൻകോണത്തെത്തി വീട്ടിൽ മോഷണശ്രമം നടത്തിയത്. ശേഷം 4.45ന് മ്യൂസിയം പരിസരത്തെത്തി വനിതാ ഡോക്ടർക്കുനേരെ അതിക്രമം കാട്ടുകയായിരുന്നു. പ്രതിയെക്കുറിച്ച് വനിതാ ഡോക്ടർ സൂചന നൽകിയിട്ടും മ്യൂസിയം പൊലീസ് അന്വേഷണത്തിൽ വീഴ്ച വരുത്തിയതിൽ വിമർശനം ഉയർന്നിരുന്നു.

സി.സി ടിവി ദൃശ്യങ്ങൾ പരിശോധിച്ചാണ് കാറിൽ രക്ഷപ്പെട്ട പ്രതിയെ കഴിഞ്ഞ ദിവസം പിടികൂടിയത്. തിരിച്ചറിയാതിരിക്കാൻ ഇയാൾ തല മൊട്ടയടിച്ചിരുന്നു. എന്നാൽ വനിതാ ഡോക്ടർ പ്രതിയെ തിരിച്ചറിഞ്ഞു. പ്രതിയെ കുറവൻകോണത്തെ വീട്ടിലെത്തിച്ച് തെളിവെടുക്കുകയും ചെയ്തു.കഴിഞ്ഞ പത്ത് വർഷമായി സെക്രട്ടേറിയറ്റിൽ വാഹനങ്ങൾ കരാർ നൽകുന്ന ഏജൻസിയുടെ ഡ്രൈവറാണ് സന്തോഷ്. ഒരു വർഷം മുമ്ബ് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ പ്രൈവറ്റ് സെക്രട്ടറി ഗോപകുമാരൻ നായരുടെ ഡ്രൈവറായി സന്തോഷ് ജോലിയിൽ പ്രവേശിച്ചു. കേസിന് പിന്നാലെ ഇയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടുണ്ട്.





# സിആർപിഎഫിന് ആദ്യമായി രണ്ട് വനിതാ ഐജിമാർ; ചരിത്രം

ഡൽഹി : സിആർപിഎഫിൽ ആദ്യമായി രണ്ട് സ്ത്രീകളെ ഐജി റാങ്കിലേക്ക് ഉയർത്തി. സെൻട്രൽ റിസർവ് പൊലീസ് ഫോഴ്സിൽ 35 വർഷങ്ങൾക്ക് മുൻപ് ആദ്യ വനിതാ ബറ്റാലിയൻ നിലവിൽ വന്നതിന് ശേഷം ഇതാദ്യമായാണ് രണ്ട് വനിതാ ഉദ്യോഗസ്ഥർക്ക് ഐജിമാരായി സ്ഥാനക്കയറ്റം ലഭിക്കുന്നത്. റാപ്പിഡ് ആക്ഷൻ ഫഓഴ്സ് ഐജിയായി ആനി എബ്രഹാമും ബിഹാർ സെക്ടർ ഐജിയായി സാമ ദുൺദിയയ്ക്കുമാണ് സ്ഥാനക്കയറ്റം ലഭിച്ചിരിക്കുന്നത്. 1986 ൽ സർവീസിൽ പ്രവേശിച്ചവരാണ് ഇരുവരും. രാഷ്ട്രപതിയുടെ പൊലീസ് മെഡൽ, വിശിഷ്ട സേവനത്തിനുള്ള പൊലീസ് മെഡൽ, അതി ഉത്കൃഷ്ടി സേവ പദക്കം തുടങ്ങിയ ബഹുമതികൾ കരസ്ഥമാക്കിയ ധീരവനിതകളാണ് ആനിയും സീമയും. 15 ബറ്റാലിയൺ ഉൾപ്പെടുന്ന റാപ്പിഡ് ആക്ഷൻ സേനയെയാണ് പ്രതിഷേധങ്ങളിലും മറ്റ് സങ്കീർണമായ വിഷയങ്ങളിലും ക്രമസമാധാന പാലനത്തിനായി വിന്യസിക്കുന്നത്. ഒപ്പം വിഐപി സന്ദർശനങ്ങളിലും ആർഎഫ് സേനയെ വിന്യസിക്കുന്നു. നക്സൽ വിരുദ്ധ പ്രവർത്തനങ്ങൾക്കും മറ്റ് ക്രമസമാധാന പരിപാലനവുമാണ് സിആർപിഎഫിന്റെ ബിഹാർ സെക്ടറിന്റെ ചുമതല. കാടുകളിലെ പ്രത്യാക്രമണങ്ങളിലും നാല് ബറ്റാലിയൻ അടങ്ങുന്ന ബിഹാർ സെക്ടറിന് വൈദഗ്ധ്യമുണ്ട്. വനിതകളെ ഉൾപ്പെടുത്തിയ ആദ്യ സെൻട്രൽ ആംഡ് പൊലീസ് സേനയാണ് സിആർപിഎഫ്. നിലവിൽ ആറ് ബറ്റാലിയനുകളിലായി



# മന്ത്രി മുഹമ്മദ് റിയാസിന് കരിങ്കൊടി കാണിച്ചു പ്രതിഷേധം

കോതമംഗലം :പൊതുമരാമത്ത് വകുപ്പ് മന്ത്രി മുഹമ്മദ് റിയാസിന് നേരെ കരിങ്കൊടി. കോതമംഗലത്ത് വച്ചാണ് കരിങ്കൊടി കാട്ടിയത്. കോൺഗ്രസ് പ്രവർത്തകരാണ് പ്രതിഷേധത്തിന് പിന്നിൽ. ആലുവ മുന്നാർ റോഡ് സഞ്ചാരയോഗ്യമാക്കണമെന്നാവശ്യപ്പെട്ടാണ് പ്രതിഷേധം. യൂത്ത് കോൺഗ്രസ് പ്രസിഡന്റ് അജീബ് ഇരമല്ലൂർ, കോൺഗ്രസ് പ്രസിഡന്റ് അലി പടിഞ്ഞാറേച്ചാലിൽ, ബ്ലോക്ക് വൈസ് പ്രസിഡന്റ് പരീത് പട്ടമാവുടി, നൗഫൽ കാപ്പുച്ചാലിൽ, നാസ്സർ.എം.കെ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പ്രതിഷേധം.



# വഴക്കിട്ടതിന് പിന്നാലെ മരിക്കാൻ പോകുന്നുവെന്ന് ഭർത്താവിന് സന്ദേശം അയച്ചു; പുലർച്ചെ കണ്ടത് മൂന്നുപേരുടെയും മൃതദേഹം

**മലപ്പുറം:** കോട്ടയ്ക്കൽ ചെട്ടിയാംകിണറിൽ മാതാവിനെയും രണ്ട് പെൺമക്കളെയും മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിന് പിന്നിൽ കുടുംബപ്രശ്നമെന്ന് നിഗമനം.നാം കുന്നത്ത് റാഷിദ് അലിയുടെ ഭാര്യ സഫ്‌വ(26), മക്കളായ ഫാത്തിമ മർസീഹ(4), മറിയം(1) എന്നിവരെയാണ് ഇന്ന് പുലർച്ചെ വീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തിയത്. റാഷിദ് അലിയാണ് ഇവരുടെ മരണ വിവരം നാട്ടുകാരെയും പൊലീസിനെയും അറിയിച്ചത്. കിടപ്പുമുറിയിൽ തൂങ്ങിയ നിലയിലായിരുന്നു സഫ്‌വയുടെ മൃതദേഹം. മക്കളെ കൊലപ്പെടുത്തിയ ശേഷം മാതാവ് ആത്മഹത്യ ചെയ്തതാണെന്നാണ് വിവരം. ഇന്നലെ രാത്രി സഫ്‌വയും മക്കളും ഒരു മുറിയിലും റാഷിദ് മറ്റൊരു മുറിയിലുമാണ് ഉറങ്ങാൻ കിടന്നത്. സഫ്‌വയും റാഷിദ് അലിയുമായി വഴക്കുണ്ടായതായി ബന്ധുക്കൾ പറയുന്നു. പുലർച്ചെ മൂന്നിന് താൻ മരിക്കാൻ പോകുന്നതായി സഫ്‌വ റാഷിദിന് സന്ദേശം അയച്ചിരുന്നു. അഞ്ച് വർഷം മുമ്പായിരുന്നു ഇവരുടെ വിവാഹം. ഗൾഫിൽ ജോലി ചെയ്തിരുന്ന റാഷിദ് ആറ് മാസം മുമ്ബാണ് നാട്ടിൽ തിരിച്ചെത്തിയത്.

# എടാ, എടീ, നീ ഇതിലേതെങ്കിലും ഒരുവാക്ക് പൊലീസുകാർ നിങ്ങളെ വിളിച്ചുവെന്ന് കരുതുക, പരാതിപ്പെട്ടാൽ ഉദ്യോഗസ്ഥന് 'പണി'യുറപ്പ്





**തിരുവനന്തപുരം :** രാജ്യത്തെ മികച്ച കുറ്റാന്വേഷണ ഏജൻസിയെന്ന നിലയിൽ എന്നും യശസുയർത്തിയ പാരമ്പര്യമാണ് കേരള പൊലീസിന്റേത്.അടുത്തകാലത്തുണ്ടായ ഇലന്തൂർ നരബലി ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്. എന്നാലും സേനയെ കളങ്കപ്പെടുത്തുന്ന സംഭവങ്ങൾ നിരവധി. പൊലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റമാണ് വലിയ ചോദ്യചിഹ്നമായി നില്ക്കുന്നത്. ഇത്തരം സംഭവങ്ങൾ കോടതിക്ക് മുന്നിലെത്തുമ്പോൾ സർക്കാരും പൊലീസ് മേധാവിയും നിരന്തരം പഴി കേൾക്കുന്നു. അതിനൊരു മാറ്റമുണ്ടാകാൻ പരിഷ്കരണ നിർദ്ദേശവുമായി പൊലീസ് മേധാവികൾ കാലാകാലങ്ങളായി രംഗപ്രവേശം ചെയ്യാറുണ്ട്. എന്നാൽ അവർ പുറപ്പെടുവിക്കുന്ന കർശന നിർദ്ദേശങ്ങൾ ഒരിക്കലും പാലിക്കപ്പെടാറില്ലെന്നതാണ് വാസ്തവം. സർക്കുലർ പുറപ്പെടുവിച്ചാൽ മാത്രം പോരാ അത് നടപ്പാക്കുന്നുണ്ടോ എന്നും പൊലീസ് മേധാവികൾ ഉറപ്പാക്കണം. ഹൈക്കാോടതി ഒരു പഴയ കേസിൽ പിടിച്ച് പുറപ്പെടുവിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡി.ജി.പിയുടെ സർക്കുലർ നടപ്പാക്കിയോ എന്ന് ചോദിച്ചിരിക്കുകയാണ് ഹൈക്കാോടതി. ഉത്തരം, സർക്കുലർ ഇറക്കിയെന്ന ഒറ്റ വാചകത്തിൽ ഒതുങ്ങി. അത് നടക്കില്ലെന്ന സൂചനകളിലേക്കാണ് കോടതി നിരീക്ഷണം നീങ്ങുന്നത്.എടാ, എടീ, നീ എന്നീ വാക്കുകൾ ഉപയോഗിച്ച് പൊതുജനങ്ങളെ അഭിസംബോധന ചെയ്യുന്ന രീതി പൊലീസിൽ ഒരു കാരണവശാലും തുടരരുതെന്ന് നിർദ്ദേശിച്ച് ഡി.ജി.പി അനിൽ കാന്ത് സർക്കുലർ ഇറക്കിയിരുന്നു. സഭ്യമായ വാക്കുകൾ മാത്രമേ പറയാവൂ എന്നും വ്യക്തമാക്കി. പൊലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റം സ്പെഷൽ ബ്രാഞ്ച് നിരീക്ഷിക്കും. നിർദ്ദേശം ലംഘിച്ചാൽ ബന്ധപ്പെട്ട യൂണിറ്റ് മേധാവികൾക്ക് നടപടി സ്വീകരിക്കാം. മാദ്ധ്യമങ്ങൾ വഴി ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയോ പരാതി ലഭിക്കുകയോ ചെയ്താൽ യൂണിറ്റ് മേധാവികളാണ് അന്വേഷണം നടത്തേണ്ടത്. പൊതുജനമദ്ധ്യത്തിൽ സേനയുടെ സത്പേരിന് കളങ്കമുണ്ടാകാതിരിക്കലാണ് കഴിഞ്ഞ വർഷം സെപ്തംബർ ഒമ്പതിന് പുറപ്പെടുവിച്ച സർക്കുലറിന്റെ ഉദ്ദേശ്യം. എടാ, എടീ വിളികൾ വേണ്ടെന്ന് നിർദ്ദേശിച്ച് കഴിഞ്ഞ വർഷം സെപ്തംബർ മൂന്നിന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരുന്നു ഡി.ജി.പിയുടെ സർക്കുലർ. ഈ ഉത്തരവ് നടപ്പാക്കിയതിനെക്കുറിച്ചുള്ള റിപ്പോർട്ടാണ് ഇപ്പോൾ ഡി.ജി.പിയോട് ഹൈക്കോടതി തേടിയിരിക്കുന്നത്. സർക്കുലർ ഇറക്കിയാൽ മാത്രം പോരോ, അത് നടപ്പാക്കിയോ എന്ന് ഉറപ്പാക്കേണ്ടതും ഡി.ജി.പിയുടെ ഉത്തരവാദിത്വമാണ്.പൊലീസ് ഉദ്യോഗസ്ഥരുടെ ശിക്ഷാർഹമായ പെരുമാറ്റവും കോടതി ഉത്തരവുകളുടെ ലംഘനവും ഒരിക്കലും അനുവദിക്കരുത്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ ഉത്തരവാദികളാണെന്ന് മനസിലാക്കി കൊടുത്തില്ലെങ്കിൽ യഥാർത്ഥ മാറ്റമുണ്ടാകില്ല. കോടതി ഉത്തരവുകൾ സേനയിൽ അക്ഷരംപ്രതി നടപ്പാക്കിയെന്ന് പൊലീസ് മേധാവി ഉറപ്പാക്കണം. പൊലീസിന്റെ കുറ്റകരമായ പെരുമാറ്റം, അതിക്രമം എന്നിവയുമായി ബന്ധപ്പെട്ട് ഉന്നത ഉദ്യോഗസ്ഥർ നടപടിയെടുത്തില്ലെങ്കിൽ അവരും ഉത്തരവാദികളായിരിക്കും എന്ന കാര്യം മറക്കരുത്. ഇത്തരക്കാർക്കെതിരെ വകുപ്പുതല നടപടിയെടുക്കണം. പൊലീസിന്റെ മുന്നിലെത്തുന്നവരിൽ എല്ലാവരും പ്രതികളല്ലെന്ന കാര്യം ഉദ്യോഗസ്ഥർ ഓർക്കണം. എല്ലാവരോടും മാന്യമായി പെരുമാറാൻ പഠിക്കണം. ഉദ്യോഗസ്ഥരുടെ മോശം പെരുമാറ്റവുമായി ബന്ധപ്പെട്ട് അടുത്തിടെ നിരവധി വാർത്തകളാണ് പുറത്തുവരുന്നത്. മികച്ച കുറ്റാന്വേഷണ ട്രാക്ക് റെക്കാഡുള്ള കേരള പൊലീസിന്റെ യശസിനെ ഇത്തരം ഉദ്യോഗസ്ഥർ ഇടിച്ചുതാഴ്ത്തുകയാണ്. ഇതെല്ലാം കണ്ടുകൊണ്ടിരിക്കാനുള്ളതല്ല സംസ്ഥാന പൊലീസ് മേധാവിയുടെ പദവി. പൊലീസ് ഉദ്യോഗസ്ഥരുടെ എടാ, പോടാ വിളി വേണ്ടെന്ന ഉത്തരവ് നടപ്പാക്കിയോ എന്ന് കഴിഞ്ഞ ദിവസം ഹൈക്കോടതി ചോദിച്ചപ്പോൾ സർക്കുലർ ഇറക്കിയെന്ന് മാത്രമായിരുന്നു സർക്കാരിന്റെ വിശദീകരണം. സർക്കുലർ മാത്രം ഇറക്കിയാൽ ജോലി തീർന്നുവെന്ന് വിശ്വസിക്കുന്ന ഡി.ജി.പിമാർ ഒരു നാടിന് ചേർന്നതല്ല. അത് താഴെത്തട്ടു വരെ നടപ്പിലാക്കിയാലേ സേനയിൽ മാറ്റവും പരിഷ്കൃതമായ നടപടികളും ഉണ്ടാവുകയുള്ളൂ എന്ന് തിരിച്ചറിയണം. പെറ്റികേസുകളുടെ എണ്ണം കൂട്ടാനായി ചെറിയ സംഭവങ്ങളെ പെരുപ്പിച്ച് കാട്ടി സേനയുടെ മുഖം നഷ്ടപ്പെടുത്തരുതെന്ന് സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും ജില്ലാ പൊലീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകി പുറപ്പെടുവിച്ചതാണ് ഡി.ജി.പിയുടെ ഏറ്റവും ഒടുവിലത്തെ സർക്കുലർ.വൈകിട്ട് ആറുമണിക്ക് ശേഷം ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ കസ്റ്റഡിയിലെടുക്കുകയോ ചെയ്താൽ അവരുടെ ആരോഗ്യസ്ഥിതിയും കേസിന്റെ വിവരങ്ങളും ആ സ്റ്റേഷനിലെ സ്പെഷൽ ബ്രാഞ്ച് ഉദ്യോഗസ്ഥൻ ജില്ലാ പൊലീസ് മേധാവിയെ കർശനമായി അറിയിക്കണമെന്നാണ് നിർദ്ദേശം. ഇടുക്കിയിലെ കസ്റ്റഡി മരണത്തിനു ശേഷം അന്നത്തെ ഡി.ജി.പിയായിരുന്ന ലോക്നാഥ് ബെഹ്റ ഇതുമായി ബന്ധപ്പെട്ട് സർക്കുലർ ഇറക്കിയെങ്കിലും ആരും അനുസരിച്ചില്ലെന്ന് സമീപകാല സംഭവങ്ങൾ വ്യക്തമാക്കുന്നു. ചോദ്യം ചെയ്യാൻ വിളിപ്പിക്കുന്നവരെ രാത്രിയിൽ സ്റ്റേഷനിൽ പാർപ്പിക്കുന്നത് പലപ്പോഴും നിയമപരമല്ല. ഈ രീതിക്ക് മാറ്റം വരണം. രാത്രിയിൽ ആരെയെങ്കിലും സ്റ്റേഷനിൽ പാർപ്പിക്കുന്നുണ്ടെങ്കിൽ അത് രേഖാപരമായിരിക്കണമെന്നും അനധികൃത കസ്റ്റഡി പാടില്ലെന്നുമാണ് കർശന നിർദ്ദേശം. വൈകിട്ട് ആറുമണിക്ക് ശേഷം സ്റ്റേഷനിലേക്ക് ഏതെങ്കിലും പരാതിയുമായി ബന്ധപ്പെട്ട് ആരെയെങ്കിലും കൊണ്ടുവന്നാൽ ജില്ലാ പൊലീസ് മേധാവി അറിഞ്ഞിരിക്കണം. അറസ്റ്റ് ചെയ്താൽ റിപ്പോർട്ട് കൈമാറണം. അതിന്റെ പൂർണമായ ഉത്തരവാദിത്വം സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കാണ്. പെറ്റി കേസ് ചുമത്താനുള്ള ചെറിയ കുറ്റങ്ങൾക്കായി ആരെയും പൊലീസ് സ്റ്റേഷനിലേക്ക് പിടിച്ചു കൊണ്ടുപോകേണ്ടതില്ലെന്നാണ് സുപ്രധാന നിർദ്ദേശം. കുറ്റത്തിന്റെ ഗൗരവത്തിന് അനുസരിച്ച് വേണം പൊലീസ് ഉദ്യോഗസ്ഥർ പെരുമാറേണ്ടത്. റോഡിൽ സിഗരറ്റ് വലിച്ചു നിൽക്കുന്നവരെ പലപ്പോഴും പൊലീസ് ജീപ്പിൽകയറ്റി കൊണ്ടുപോകാറുണ്ട്. അതിന്റെ ആവശ്യമില്ലെന്നാണ് ഡി.ജി.പിയുടെ നിർദ്ദേശം. ഹെൽമറ്റ് ധരിക്കാത്ത ബൈക്ക് യാത്രികരെ പലയിടത്തും പതുങ്ങിനിന്ന് ചാടിവീണ് പിടികൂടുന്നത് ചില പൊലീസ് ഉദ്യോഗസ്ഥർക്ക് ഹരമാണ്. വാഹനം നിറുത്തിയില്ലെങ്കിൽ സിനിമാ സ്റ്റൈലിൽ പിന്തുടരും. ഇതിനിടയിൽ അപകടമുണ്ടായ സംഭവങ്ങൾ നിരവധിയാണ്. അതിനാൽ സാഹസികതയുടെ ആവശ്യമില്ലെന്നാണ് ഡി.ജി.പിയുടെ സർക്കുലർ. ഹെൽമറ്റ് ധരിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കാൻ വാഹനത്തിന്റെ നമ്പർ മാത്രം മതിയെന്ന കാര്യം പൊലീസ് ഉദ്യോഗസ്ഥർ മനസിലാക്കണം. ഇക്കാര്യം അവർക്ക് അറിയാത്തതല്ല. പക്ഷേ, പലപ്പോഴും മറന്നു പോകുന്നുവെന്നതാണ് വാസ്തവം. വാഹന പരിശോധന അനിവാര്യമാണെങ്കിലും അത് അപകടകരമാകുന്ന രീതി ഒഴിവാക്കണം. അത് പൊലീസ് ഉദ്യോഗസ്ഥർ മാത്രം വിചാരിച്ചാലേ വിജയത്തിലെത്തുകയുള്ളൂ.ഗതാഗത നിയമലംഘനങ്ങൾ ഇക്കാലഘട്ടത്തിൽ നിരവധി സാങ്കേതിക വിദ്യകളിലൂടെ കണ്ടെത്താനാകും. ചെറിയ കേസുകളിൽ പോലും അഭിമാനപ്രശ്നമായി കരുതി വാഹനങ്ങളെ പിന്തുടരുന്ന രീതി ഒഴിവാക്കണം. ഇത്തരം നീക്കങ്ങളാണ് പിന്നീട് വലിയ പരാതികൾക്ക് വഴിവയ്ക്കുന്നത്. അത് സേനയെ ഒന്നാകെ കളങ്കിതമാക്കുന്നുവെന്നും ഓരോ ഉദ്യോഗസ്ഥരും തിരിച്ചറിയണം. ഇവിടെ ചർച്ചയാകേണ്ട വിഷയം ഡി.ജി.പി പുറപ്പെടുവിക്കുന്ന സർക്കുലർ എന്തുകൊണ്ട് നടപ്പാകുന്നില്ല എന്നതാണ്. അതിന് ഉത്തരവാദി മുതിർന്ന ഉദ്യോഗസ്ഥരാണ്. ഒരിക്കലും ക്രമസമാധാനപാലനം കുട്ടിക്കളിയാകരുത്.



# കാർ അപകടത്തിൽ എ എം ആരിഫ് എം പിയ്ക്ക് പരിക്ക്

**ആലപ്പുഴ:** എ എം ആരിഫ് എം പി ഓടിച്ച കാർ അപകടത്തിൽപ്പെട്ടു. ഇന്ന് രാവിലെ ചേർത്തല കെ വി എം ആശുപത്രിക്ക് മുന്നിലായിരുന്നു അപകടം.ആരിഫ് സഞ്ചരിച്ച കാർ ചരക്ക് ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. കാർ വെട്ടിപ്പൊളിച്ചാണ് അദ്ദേഹത്തെ പുറത്തെടുത്തത്. കാറിൽ ആരിഫ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എം പിയുടെ കാലിന് പരിക്കുണ്ടെങ്കിലും ഗുരുതരമല്ല. അദ്ദേഹത്തെ കെ വി എം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.



# ചെങ്കോട്ട ഭീകരാക്രമണക്കേസ്; പാക് പൗരന്റെ വധശിക്ഷ സുപ്രീം കോടതി ശരിവച്ചു

**ന്യൂഡൽഹി:** രണ്ട് സൈനികരുൾപ്പടെ മൂന്ന് പേരുടെ മരണത്തിനിടയാക്കിയ ചെങ്കോട്ട ഭീകരാക്രമണക്കേസിലെ മുഖ്യപ്രതിയുടെ വധശിക്ഷ സുപ്രീം കോടതി ശരിവച്ചു.ആക്രമണത്തിലെ മുഖ്യ സൂത്രധാരനായ ലഷ്കറെ ത്വയ്ബ ഭീകരൻ മുഹമ്മദ് ആരിഫിന്റെ വധശിക്ഷയാണ് സുപ്രീം കോടതി ശരിവച്ചത്. ഇയാളുടെ പുനഃപരിശോധനാ ഹർജി സുപ്രീം കോടതി തള്ളി. ചീഫ് ജസ്റ്റിസ് യു യു ലളിത്, ജസ്റ്റിസ് ബേല എം ത്രിവേദി എന്നിവരടങ്ങിയ ബഞ്ചിന്റേതാണ് വിധി.2000 ഡിസംബർ 22നാണ് ചെങ്കോട്ടയ്ക്ക് നേരെ ഭീകരാക്രമണം നടന്നത്. കോട്ടയിലേയ്ക്ക് നുഴഞ്ഞുകയറിയ ഭീകരർ നടത്തിയ വെടിവയ്പ്പിൽ രണ്ട് സൈനികർ കൊല്ലപ്പെട്ടിരുന്നു. സംഭവത്തിന് പിന്നാലെ ഡിസംബർ 25ന് പാകിസ്ഥാൻ പൗരനായ മുഹമ്മദ് ആരിഫ് പൊലീസിന്റെ പിടിയിലായി. 2005 ഒക്ടോബറിൽ 24ന് മുഹമ്മദ് ആരിഫ് കുറ്റക്കാരനാണെന്ന് വിചാരണക്കോടതി നിരീക്ഷിക്കുകയും ഒക്ടോബർ 31ന് ഇയാൾക്ക് വധശിക്ഷ വിധിക്കുകയുമായിരുന്നു.2007 സെപ്തംബറിൽ മുഹമ്മദ് ആരിഫിന്റെ വധശിക്ഷ ഡൽഹി ഹൈക്കോടതിയും സ്ഥിരീകരിച്ചു. 2011 ഓഗസ്റ്റിൽ ശിക്ഷാവിധിയെ ചോദ്യം ചെയ്ത് ആരിഫ് നൽകിയ അപ്പീൽ തള്ളിയതോടെയാണ് പുനഃപരിശോധനാ ഹർജി നൽകിയത്.

# കേരളത്തിന്റെ ആദ്യ രാജ്യാന്തര ഇൻഡീ സംഗീതോത്സവം നവംബർ 9 മുതൽ 13 വരെ കോവളത്ത്

**തിരുവനന്തപുരം :** കേരളത്തിന്റെ ആദ്യ രാജ്യാന്തര ഇൻഡീ സംഗീതോത്സവം നവംബർ 9 മുതൽ 13 വരെ കോവളത്ത് കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ നടക്കും. ഇൻഡ്യയ്ക്കു പുറത്തുനിന്നുള്ള ഏഴു പ്രമുഖ ബാൻഡുകൾക്കും ഗായകർക്കും ഒപ്പം ഇൻഡ്യയിലെ 14 പ്രമുഖ ബാൻഡുകളും സംഗീതപരിപാടികൽ അവതരിപ്പിക്കും. ഇൻഡീ സംഗീതത്തിന്റെ രാജ്യാന്തരജിഹ്വയായ ലേസീ ഇൻഡീ മാഗസീനിന്റെ സഹകരണത്തോടെയാണ് ഇന്റർനാഷണൽ ഇൻഡീ മൂസിക് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്.മ്യൂസിക് ബാൻഡുകൾ സ്വന്തമായി ഗാനങ്ങൾ രചിച്ചു സംഗീതം പകർന്ന് സുസജ്ജമായ വാദ്യോപകരണ, ശബ്ദ-പ്രകാശവിതാന സംവിധാനങ്ങളോടെ അവതരിപ്പിക്കുന്ന സംഗീതമാണ് ഇൻഡീ മ്യൂസിക്. ഈ രംഗത്ത് രാജ്യത്തേതന്നെ ആദ്യത്തെതും പ്രമുഖവുമായ മേളയാണ് ഐഐഎംഎഫെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ പറഞ്ഞു. രാജ്യാന്തര ചലച്ചിത്രോത്സവവും നാടകോത്സവവും ഒക്കെപ്പോലെ സംഗീതരംഗത്തെ കേരളത്തിന്റെ പ്രതിവർഷമേളയ്ക്ക് ഇതോടെ തുടക്കമാകുകയാണ്. റോക് സംഗീതേതിഹാസം എറിക് ക്ലാപ്റ്റണിന്റെ അനന്തരവൻ യുകെയിലെ വിഖ്യാതനായ വിൽ ജോൺസ് , അമേരിക്കയിലെ ജനപ്രിയ ഹാർഡ് റോക്ക് ഗായകൻ സാമി ഷോഫി , മറ്റൊരു ബ്രിട്ടിഷ് ബാൻഡായ റെയ്ൻ , മലേഷ്യയിൽനിന്നു ലീയ മീറ്റ , പാപ്പുവ ന്യൂ ഗിനിയിൽനിന്ന് ആൻസ്ലോം , സിംഗപ്പൂരിൽനിന്നു രുദ്ര , ഇറ്റലിയിൽനിന്ന് റോക് ഫ്ലവേഴ്സ് എന്നീ ബാൻഡുകളും ഗായകരുമാണു വിദേശത്തുനിന്ന് എത്തുന്നത്. അന്താരാഷ്ട്രപുരസ്ക്കാരങ്ങൾ നേടിയ, സ്വന്തം രാജ്യങ്ങളിൽ ഏറെ ആസ്വാദകരുള്ള ഗായകരാണിവർ.പങ്കെടുക്കുന്ന ഇൻഡ്യൻ ബാൻഡുകൾ മുംബൈയിലെ ഷെറീസ് , ആർക്ലിഫ് , വെൻചായ് മെറ്റ് ടോസ്റ്റ് , ഹരീഷ് ശിവരാമകൃഷ്ണന്റെ അഗം , സ്ക്രീൻ 6 , സിത്താര കൃഷ്ണകുമാറിന്റെ പ്രൊജക്ട് മലബാറിക്കസ് , ഊരാളി , ജോബ് കുര്യൻ , കെയോസ് , ലേസീ ജേ , ചന്ദന രാജേഷ് , താമരശേരി ചുരം , ഇന്നർ സാങ്റ്റം , ദേവൻ ഏകാംബരം എന്നിവയാണ്.ആകെ 21 ബാൻഡ്. ദിവസം നാലും അഞ്ചും അവതരണങ്ങൾ. വിദേശീയഗായകരുടെയും ഇൻഡീ മ്യൂസിക്കിന്റെയും ധാരാളം ആരാധകരും പുറത്തുനിന്നു വരുന്നുണ്ട്. ലോകത്തെ പ്രമുഖ ഗായകരെ പരിചയപ്പെടാനും അവർക്കൊപ്പം വാദ്യോപകരണങ്ങൾ വായിക്കാനും അതുവഴി ആഗോളതലത്തിലേക്ക് ഉയരാനും ഇൻഡ്യയിലെ കലാകാരർക്ക് അവസരം ഒരുക്കുന്നതുകൂടിയാണു മേള.എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 10 വരെയാണു സംഗീതോത്സവം. വൈകിട്ട് 5 മുതൽ പ്രവേശിക്കാം. ബുക്ക് മൈ ഷോയിലൂടെ ഓരോ ദിവസത്തെയും പരിപാടിക്കുള്ള ടിക്കറ്റ് ബുക്ക് ചെയ്യാം. കേരള ആർട്ട്സ് & ക്രാഫ്റ്റ്സ് വില്ലേജുമായി ബന്ധപ്പെട്ടും ടിക്കറ്റ് വാങ്ങാം. ബുക്കിങ് നവംബർ 6-ന് അവസാനിക്കും. മേളയുടെ ദിവസങ്ങളിൽ ക്രാഫ്റ്റ്സ് വില്ലേജിലെ പതിവുസന്ദർശനം വൈകിട്ട് 5 മണിക്ക് അവസാനിപ്പിക്കും.ലിബറേഷൻ എന്ന തീമിൽ ഊന്നി ക്രാഫ്റ്റ് വില്ലേജ് വളപ്പിൽ ഒരു ഡസൻ ഇൻസ്റ്റലേഷനുകളും സ്റ്റേജും ഗേറ്റും ഒക്കെ ഐഐഎംഎഫിനായി ഒരുക്കുന്നുണ്ട്. പ്രമുഖ ആർക്കിടെക്റ്റുകളായ എൻഎ പ്ലസ് ആണ് ഇവ ഒരുക്കുന്നത്. ലോകമെങ്ങും പ്രചാരമുള്ള ഇൻഡീ മ്യൂസിക് സംസ്ക്കാരം നമ്മുടെനാട്ടിൽ ബാല്യദശയിലാണെന്നും അതിനെ ടൂറിസം വികസനത്തിനും കലാസാംസ്ക്കാരികവൈവിദ്ധ്യവത്ക്കരണത്തിനും വിനോദവ്യവസായത്തിനും വളരെയേറെ പ്രയോജനപ്പെടുമാറു പരിപോഷിപ്പിക്കാനും രാജ്യാന്തരനിലവാരം പകരാനും കഴിയുന്ന തരത്തിലാണ് ഐഐഎംഎഫ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് ക്രാഫ്റ്റ്സ് വില്ലേജ് സിഒഒ ശ്രീപ്രസാദ് പറഞ്ഞു. ഇത്തരമൊരു രാജ്യാന്തരമേള പ്രതിവർഷപരിപാടി (രമഹലിറമ്യ ല്ലിറ) ആകുന്നത് ടൂറിസം ഭൂപടത്തിലെ കേരളത്തിന്റെ പദവി കൂടുതൽ ഉയർത്തുമെന്ന് ലേസീ ഇൻഡീ മാഗസീൻ എഡിറ്ററും ഗായകനുമായ ജേ അഭിപ്രായപ്പെട്ടു. ക്രാഫ്റ്റ്സ് വില്ലേജ് ബിസിനസ് ഡെവലപ്മെന്റ് മാനേജർ സതീഷ് കുമാറും ലേസീ ഇൻഡീ മാഗസീൻ പ്രതിനിധി മനോജും പത്രസമ്മേളനത്തിൽ പങ്കെടുത്തു.



SUCHITWA MISSION

# ദ്രവമാലിന്യ സംസ്കരണം: കാമ്പയിനുമായി ശുചിത്വ മിഷൻ

**തിരുവനന്തപുരം:** 'തെളിനീരൊഴുകും നവകേരളം' കാമ്പയിൻറെ തുടർച്ചയായി ശാസ്ത്രീയ ദ്രവമാലിന്യ പരിപാലനത്തിൻറെയും ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി സംരക്ഷിക്കേണ്ടതിൻറെയും പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ശുചിത്വമിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിവര-വിജ്ഞാന-വ്യാപന കാമ്പയിന്റെ പ്രഖ്യാപനം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ഹാളിൽ തദ്ദേശ മന്ത്രി എം.ബി. രാജേഷ് നിർവഹിക്കും.കക്കൂസ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കാൻ ആവശ്യമായ സംവിധാനങ്ങളുടെ അപര്യാപ്തത കാരണം ഉണ്ടാകുന്ന രണ്ടാംനിര പ്രശ്നങ്ങൾ ഏറ്റവും അധികം നേരിടുന്ന സംസ്ഥാനമാണ് കേരളം. സെപ്റ്റിക് ടാങ്കുകളിൽ ശാസ്ത്രീയ സംസ്കരണം നടക്കുന്നില്ല. സംഭരണവും പ്രാഥമിക പരിവർത്തനവും മാത്രമേ അത്തരം ടാങ്കുകളിൽ സാധ്യമാകുകയുള്ളൂ. ആയതിനാൽതന്നെ ഇത്തരം സെപ്റ്റിക് ടാങ്കുകളിൽ നിന്നു ചുരുങ്ങിയത് മൂന്നുവർഷത്തിൽ ഒരിക്കലെങ്കിലും വിസർജ്യാവശിഷ്ടം ശേഖരിച്ചു ശാസ്ത്രീയ രീതിയിൽ സംസ്കരിക്കേണ്ടതുണ്ട്.നഗര പ്രദേശങ്ങളിൽ ആശുപത്രികൾ, മാർക്കറ്റുകൾ, ഹോസ്റ്റലുകൾ, ആരാധനാലയങ്ങൾ തുടങ്ങിയ ഇടങ്ങളിൽ സ്ഥാപനതല സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും അനുബന്ധ സൗകര്യങ്ങളും പ്രോത്സാഹിപ്പിക്കലാണ് ശുചിത്വ മിഷൻ ലക്ഷ്യം.ദ്രവമാലിന്യ സംസ്കരണ സൗകര്യങ്ങൾ കൂടി സംസ്ഥാനത്ത് സജ്ജമാക്കി 2026 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമ്പൂർണ ശുചിത്വ പദവി ലഭ്യമാക്കുക എന്നതാണ് കാമ്പയിനിലൂടെ സർക്കാർ ലക്ഷ്യം വെക്കുന്നത്.



# ശബരിമല തീർഥാടനത്തിന് ദിവസങ്ങൾ മാത്രം; കാടുമൂടി സ്നാനഘട്ടം

**പുനലൂർ:** ശബരിമല ഇടത്താവളമായ പുനലൂരിലെ സ്നാനഘട്ടം കാടുമൂടിയത് നീക്കുന്നില്ല; ശബരിമല തീർഥാടനത്തിന് ഇനി ദിവസങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. പുനലൂർ ടി.ബി ജങ്ഷനിൽ കല്ലടയാറിന്റെ തീരത്താണ് തീർഥാടകർക്കുള്ള വിശ്രമകേന്ദ്രവും അനുബന്ധ സൗകര്യങ്ങളും ഉള്ളത്. ജില്ല ടൂറിസം വകുപ്പിന്റെ ചുമതലയിലാണ് ഈ കേന്ദ്രം.കഴിഞ്ഞ ശബരിമല സീസൺ അവസാനിച്ചപ്പോൾ അടച്ചുപൂട്ടി പോയതാണ്. ശുചിമുറിയും ചുറ്റുപാടും കാടുമൂടി ഇഴജന്തുക്കളുടെ കേന്ദ്രമായി. ശുചിമുറികൾ പലതും തകർന്നു കിടക്കുന്നു. മുമ്പ് ഇവിടെ തുടക്കമിട്ട ചില നിർമാണ ജോലികൾ ഇനിയും പൂർത്തിയായിട്ടില്ല. വൈദ്യുതി സംവിധാനവും തകർച്ചയിലാണ്. ആറ്റിലുള്ള കുളിക്കടവിന് മതിയായ സുരക്ഷ സൗകര്യങ്ങളില്ല.കിഴക്കൻ മേഖലയിൽ എത്തുന്ന തീർഥാടകർക്ക് മതിയായ സൗകര്യങ്ങൾ ഒരുക്കാൻ ഔദ്യോഗിക തലത്തിൽ നടപടിയായില്ല. കഴിഞ്ഞ രണ്ടുവർഷം കോവിഡ് ഭീതിയും നിയന്ത്രണങ്ങളും കാരണം ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള അയ്യപ്പന്മാർ ഇതുവഴി കുറവായിരുന്നു. ഇത്തവണ കൂടുതൽ ആളുകൾ എത്താനിടയുള്ളതിനാൽ അതിനനുസൃതമായ സൗകര്യം ഒരുക്കേണ്ടതുണ്ട്.



# കരുനാഗപ്പള്ളി ഉപജില്ല മുന്നിൽ

**കൊട്ടാരക്കര:** ജില്ല സ്കൂൾ ശാസ്ത്രോത്സവത്തിൻറെ ആദ്യ ദിനത്തിൽ 644 പോയൻറുമായി കരുനാഗപ്പള്ളി ഉപജില്ല മുന്നിൽ. 588 പോയൻറുമായി വെളിയം ഉപജില്ലയും 573 പോയൻറുമായി ചടയമംഗലം ഉപജില്ലയും രണ്ടും മൂന്നും സ്ഥാനത്തുണ്ട്. മറ്റു ഉപജില്ലകളുടെ പോയൻറുകൾ ഇങ്ങനെ. ചാത്തന്നൂർ-567, പുനലൂർ-540, കൊല്ലം-466, ചവറ-465, കൊട്ടാരക്കര-427, അഞ്ചൽ-418, കുണ്ടറ-390, ശാസ്താംകോട്ട-386, കുളക്കട-370.സ്കൂളുകളുടെ പോയൻറുനിലയിൽ മുന്നിൽ 273 പോയിൻറു നേടിയ കുറ്റിക്കാട് സി.പി.എച്ച്.എസാണ്. 142 പോയൻറുമായി പന്മന മനയിൽ എച്ച്.എസ്.എസ് രണ്ടാം സ്ഥാനത്തും 137 പോയൻറുമായി പുനലൂർ ഗവ. എച്ച്.എസ്.എസ്. മൂന്നാം സ്ഥാനത്തുമുണ്ട്.ഗണിത ശാസ്ത്രമേളയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ചടയമംഗലം-115, കൊല്ലം-97 ഉപജില്ലകളും എച്ച്.എസ്.എസ്. വിഭാഗത്തിൽ പുനലൂർ-107, ചടയമംഗലം 102 പോയിൻറുകളുമായി ആദ്യദിനത്തിൽ ഒന്നും രണ്ടും സ്ഥാനത്തെത്തി. പ്രവൃത്തിപരിചയമേളയിൽ 433 പോയൻറോടെ കരുനാഗപ്പള്ളി ഒന്നാം സ്ഥാനവും 412 പോയൻറോടെ വെളിയം രണ്ടാംസ്ഥാനത്തുമാണ്. ശാസ്ത്രമേള, സാമൂഹിക ശാസ്ത്രമേള എന്നിവ വ്യാഴാഴ്ച നടന്നു.




# ജില്ല സ്കൂൾ കായികമേള നാലുമുതൽ കൊല്ലത്ത്

**കൊല്ലം:** റവന്യൂ ജില്ല സ്കൂൾ കായികമേള നവംബർ നാല്, അഞ്ച്, ആറ് തീയതികളിൽ കൊല്ലം ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിൽ നടക്കും. ജില്ലയിലെ 12 ഉപജില്ലകളിൽനിന്ന് 2500ൽപരം കായികതാരങ്ങൾ മത്സരങ്ങളിൽ പങ്കെടുക്കും.ഓരോ ഇനത്തിലും ഒന്നും രണ്ടും സ്ഥാനം നേടിയ കായികതാരങ്ങളാണ് ജില്ല മത്സരങ്ങളിൽ പങ്കെടുക്കുന്നത്. സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കും.സബ് ജൂനിയർ വിഭാഗത്തിൽ 10ഇനങ്ങളിലും ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ 19 ഇനങ്ങളിലുമാണ് മത്സരങ്ങൾ. ഇതോടനുബന്ധിച്ച് ആൺകുട്ടികളുടെ വിഭാഗത്തിൽ ആറു കിലോമീറ്ററും പെൺകുട്ടികൾക്ക് നാല് കിലോമീറ്ററും ക്രോസ് കൺട്രി മത്സരവും ഉണ്ടാവും.നാലിന് രാവിലെ 10 ന് എം. നൗഷാദ് എം.എൽ.എ ഉദ്ഘാടനം നിർവഹിക്കും. ജില്ല പഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ഡോ. പി.കെ. ഗോപൻ അധ്യക്ഷത വഹിക്കും.ജില്ല സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് എക്സ്. ഏണസ്റ്റ് മുഖ്യസന്ദേശം നൽകും. ആറിന് വൈകീട്ട് 3.30ന് സമാപന സമ്മേളനം മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്യും. കോർപറേഷൻ കായിക വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൻ എസ്. സവിതാദേവി അധ്യക്ഷത വഹിക്കും. ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ ലാൽ കെ.ഐ സമ്മാനദാനം നിർവഹിക്കും.ഇതോടൊപ്പമുള്ള ജില്ല ഗെയിംസ് മത്സരങ്ങൾ പുരോഗമിക്കുന്നു. 12 ഗ്രൂപ് ഇനങ്ങളിലായി 36 ഇന മത്സരങ്ങളാണുള്ളത്. ആറ് ഗ്രൂപ്പ് ഇനങ്ങളിലായി 20 ഗെയിംസ് മത്സരങ്ങൾ നടന്നു. ഇനി 16 മത്സരങ്ങൾ കൂടി നടക്കേണ്ടതുണ്ട്.വിദ്യാഭ്യാസ ഉപഡയറക്ടർ കെ.ഐ. ലാൽ, പബ്ലിസിറ്റി കമ്മിറ്റി കൺവീനർ ഇന്ദിരാകുമാരി ജെ, ജില്ല സ്പോർട്സ് കോഓഡിനേറ്റർ മുഹമ്മദ് റാഫി, ജില്ല സ്പോർട്സ് ആൻഡ് ഗെയിംസ് സെക്രട്ടറി എസ്. പ്രദീപ് കുമാർ എന്നിവർ വാർത്തസമ്മേളനത്തിൽ പരിപാടികൾ വിശദീകരിച്ചു.



# പെൺമക്കളെ പീഡിപ്പിച്ച പിതാവിന് 31 വർഷം കഠിന തടവ്

**നെടുമങ്ങാട്:** രണ്ടു പെൺമക്കളെ ലൈംഗികമായി പീഡിപ്പിച്ച 48കാരനായ പിതാവിന് നെടുമങ്ങാട് ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി 31 വർഷം കഠിന തടവും 65,000 രൂപ പിഴയും ശിക്ഷിച്ചു. പിഴ അടച്ചില്ലെങ്കിൽ 14 മാസം കൂടി കഠിനതടവിൽ കഴിയേണ്ടി വരും.നെടുമങ്ങാട് ഫാസ്റ്റ് ട്രാക്ക് സ്പെഷൽ കോടതി (പോക്സോ) ജഡ്ജി കെ.പി. സുനിലാണ് 31 വർഷം കഠിനതടവും 65,000 രൂപ പിഴയും ശിക്ഷിച്ചത്. പിഴത്തുക രണ്ടു കുട്ടികൾക്കുമായി നൽകാനാണ് വിധി.11 ഉം 14ഉം വയസ്സുള്ള പ്രായപൂർത്തി ആകാത്ത രണ്ടു പെൺമക്കളെ ബാല്യകാലം മുതൽ പല തവണ ലൈംഗികമായി പീഡിപ്പിക്കുകയായിരുന്നു എന്നാണ് കേസ്. ഇയാളുടെ ഉപദ്രവം സഹിക്കവയ്യാതെ കുട്ടികളുടെ മാതാവ് വളരെ നേരത്തേ ഉപേക്ഷിച്ചു പോയിരുന്നു.മൂന്നു വയസ്സു മുതൽ രണ്ടു കുട്ടികളും അനാഥാലയത്തിൽനിന്നാണ് പഠിക്കുന്നത്. അവിടെനിന്ന് അവധിക്ക് വീട്ടിൽ വരുമ്പോഴെല്ലാം മുത്തച്ഛനും മുത്തശ്ശിയും ഇല്ലാത്ത നേരം നോക്കി തൻറെ മുറിയിൽ കൊണ്ടുപോയി പ്രതി പീഡിപ്പിച്ചിരുന്നു എന്നാണ് കേസ്.ഇതു സ്ഥിരമായപ്പോൾ രണ്ടു കുട്ടികളും വീട്ടിലേക്ക് വരാതെയായി. എല്ലാവരും വെക്കേഷന് നാട്ടിൽ പോകുമ്പോൾ കുട്ടികൾ പോകാത്തതിനെ കുറിച്ച് ഉദ്യോഗസ്ഥ ചോദിച്ചപ്പോഴാണ് പീഡനവിവരം വെളിപ്പെട്ടത്. പ്രോസിക്യൂഷനുവേണ്ടി സ്പെഷൽ പ്രോസിക്യൂട്ടർ സരിത ഷൗക്കത്തലിയാണ് ഹാജരായത്.



# ഭാര്യയെ ബോംബെറിഞ്ഞ് കൊല്ലാൻ ശ്രമിച്ച ഭർത്താവിന് 15 വർഷം കഠിനതടവ്

**തിരുവനന്തപുരം:** സംശയരോഗം കാരണം ഭാര്യയെ കൊലപ്പെടുത്താൻ സ്വന്തമായി നാടൻ ബോംബ് നിർമിച്ച് എറിയാൻ ശ്രമിക്കവെ കൈയിലിരുന്ന് ബോംബ് പൊട്ടി വലത് കൈപ്പത്തിക്ക് പരിക്ക് പറ്റിയ കേസിൽ ഭർത്താവിന് 15 വർഷം കഠിനതടവ്. തിരുവനന്തപുരം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്ന സ്പെഷൽ ജില്ല കോടതി ജഡ്ജി എം.പി. ഷിബുവാണ് ശിക്ഷ വിധിച്ചത്. 2015 ജൂലൈ എട്ടിനായിരുന്നു സംഭവം.വിതുര കല്ലാർ ബിജുഭവനിൽ വിക്രമനെയാണ് (67) ശിക്ഷിച്ചത്. ഭാര്യ കമലത്തോടുള്ള സംശയം കാരണം പ്രതി മാറി താമസിക്കുകയായിരുന്നു. ഇതിനുവേണ്ടി സ്വന്തമായി അഞ്ച് നാടൻ ബോംബുകൾ നിർമിച്ച് ഭാര്യ താമസിക്കുന്ന വീട്ടിലെത്തി.പ്രതിയെ കണ്ട ഭാര്യ വീട്ടിൽകയറി വാതിലടക്കുകയും ഈ സമയം കൈയിലിരുന്ന ബോംബുമായി വാതിൽ തള്ളിത്തുറക്കാൻ ശ്രമിച്ച പ്രതിയുടെ കൈയിലിരുന്ന് ബോംബ് പൊട്ടി വലത് കൈപ്പത്തി നിശ്ശേഷം തകരുകയും ഭാര്യക്ക് പരിക്കേൽക്കുകയും ചെയ്തു.പാലോട് പൊലീസാണ് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചത്. പബ്ലിക് പ്രോസിക്യൂട്ടർ കാട്ടായിക്കോണം ജെ.കെ.അജിത് പ്രസാദ് ഹാജരായി.

# താളംതെറ്റി കുടുംബ ബജറ്റ്: നിത്യോപയോഗ സാധനങ്ങൾക്ക് തീവില



**പത്തനംതിട്ട:** അരിവില കുത്തനെ ഉയർന്നതോടെ കുടുംബ ബജറ്റ് താളംതെറ്റി. പച്ചക്കറി, പലവ്യഞ്ജനങ്ങൾക്കും വിലക്കയറ്റം രൂക്ഷമാണ്. ഹോട്ടൽ ഉടമകളും ഇതോടെ പ്രതിസന്ധിയിലാണ്. ശബരിമല സീസൺ തുടങ്ങുന്നതോടെ അരിക്ക് ചെലവ് കൂടുതലുള്ള ദിവസങ്ങളാണ്. മലയാളികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന ജ്യോതി അരിയുടെ വില കിലോക്ക് 38ൽ നിന്ന് 62ൽ എത്തി. റോസ് വടി അരിക്ക് 56 രൂപയും റോസ് ഉണ്ട അരിക്ക് 40 രൂപയുമാണ് മൊത്ത വില. മറ്റു ബ്രാൻഡുകൾക്കും വില വർധിച്ചിട്ടുണ്ട്. ആന്ധ്ര, കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളിൽനിന്നുള്ള അരിയുടെ വരവ് കുറഞ്ഞു. കൂടാതെ ജി.എസ്.ടിയും വില്ലനായി. മില്ലുകൾ പ്രവർത്തിക്കാത്തതാണ് ആന്ധ്രയിൽനിന്ന് അരിവരവ് നിലക്കാൻ കാരണം.വിളവെടുപ്പിൽ കുറവുണ്ടായതാണ് അരിവില കൂടാൻ കാരണമെന്നാണ് മില്ലുടമകൾ പറയുന്നത്. മില്ലുടമകൾ വില കൂട്ടി ചോദിക്കുന്നതിനാൽ പല കടയുടമകളും പുതിയ സ്റ്റോക്ക് എടുക്കാത്ത സ്ഥിതിയാണ്. സ്ഥിതി തുടർന്നാൽ വരും ദിവസങ്ങളിൽ പ്രതിസന്ധി രൂക്ഷമാകും.വറ്റൽ മുളക്, ചെറിയുള്ളി എന്നിവക്കും വില വർധിച്ചിട്ടുണ്ട്. ചെറിയുള്ളി കിലോ 100 രൂപയിലെത്തിനിൽക്കുന്നു. ആറുമാസം മുമ്പ് 150 രൂപ വില ഉണ്ടായിരുന്ന പിരിയൻ മുളകിന് 425 രൂപക്ക് മുകളിലാണ് വില. മറ്റ് നിത്യോപയോഗ സാധനങ്ങൾക്കും വില വർധിച്ചിട്ടുണ്ട്.ഓണം കഴിഞ്ഞപ്പോൾ മുതൽ സർക്കാറിൻറെ സപ്ലൈകോ, നീതി സ്റ്റോറുകളിൽ മിക്ക സാധനങ്ങളും ലഭ്യമല്ല. ഇതോടെ പൊതുജനങ്ങൾ പൊതുവിപണിയെയാണ് ആശ്രയിക്കുന്നത്.ഹോട്ടലുകളിൽ ഊണ് നൽകുന്നതിനുപോലും നിയന്ത്രണമുണ്ട്. വിപണിയിൽ മോശം അരി ശേഖരിച്ച് കളർ ചേർത്ത് വിൽപന നടത്തുന്നതായുള്ള പരാതികളും വ്യാപകമാണ്. കഴുകുമ്പോഴാണ് ഇത് മനസ്സിലാകുക.അരിവില കൂടിയതോടെ ഉപോൽപന്നങ്ങളായ അവൽ, പച്ചരി, അരിപ്പൊടികൾ, അരിമാവ് എന്നിവക്കും വില വർധിച്ചു.ബിസ്കറ്റ്, സോപ്പ് തുടങ്ങിയവക്കെല്ലാം കമ്പനികൾ യഥേഷ്ടം വില കൂട്ടിക്കൊണ്ടിരിക്കുകയാണ്. പച്ചക്കറിയടക്കം പലതിൻറെയും വില കയറ്റുന്നത് ഇടനിലക്കാരും കച്ചവടക്കാരും ചേർന്നാണെന്ന് വ്യക്തമാണ്. ഇവരെയൊന്നും നിയന്ത്രിക്കാൻ ചെറുവിരൽ അനക്കാതെ സർക്കാർ ഉറക്കം നടിക്കുകയാണ്.ജില്ലയിൽ നെല്ല് ഉൽപാദനം വർധിപ്പിക്കുന്ന പദ്ധതികൾ ഫലപ്രദമാകുന്നില്ലെന്ന ആക്ഷേപവുമുണ്ട്. കാർഷിക മേഖലയിൽ ജില്ല പഞ്ചായത്ത് പല പദ്ധതികളും വിഭാവനം ചെയ്തെങ്കിലും നടപ്പായിട്ടില്ല. നെൽകൃഷിയിലേക്ക് കർഷകരെ ആകർഷിക്കാനും വരുമാനം നേടാനും ജനങ്ങൾക്ക് സുരക്ഷിത ഭക്ഷണം ലഭ്യമാക്കാനുംവേണ്ടി കൊടുമണ്ണിൽ മാത്രമാണ് കുറെ പ്രവർത്തനങ്ങൾ നടക്കുന്നത്. കഴിഞ്ഞ നാലുവർഷംകൊണ്ട് അരിയുടെ പേരിൽ നാലുപേരറിയുന്ന പഞ്ചായത്തായി വളർന്ന് തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനു തീവ്രയജ്ഞ പരിപാടി കൃഷിഭവന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ പിന്തുണയോടെ നടക്കുന്നുണ്ട്. 400 ഏക്കറോളം സ്ഥലത്ത് കൃഷിയിറക്കി കൊടുമൺ റൈസ് വിപണിയിൽ എത്തിക്കാൻ കഴിഞ്ഞത് നേട്ടമായി.




# സ്കൂളിലേക്ക് ഒരു സുരക്ഷിതപാത' പദ്ധതി ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** കേരള റോഡ് സുരക്ഷ അതോറിറ്റിയും നാറ്റ്പാക്കും സംയുക്തമായി യു.പി മുതൽ ഹയർസെക്കൻഡറിതലം വരെയുള്ള തെരഞ്ഞെടുത്ത വിദ്യാർഥികൾക്കായി ഏകദിന റോഡ് സുരക്ഷ ബോധവത്കരണ പരിശീലന പരിപാടി നടത്തും.എല്ലാ ജില്ലകളിൽനിന്നുമായി തെരഞ്ഞെടുത്ത 100 സ്കൂളുകളിലെ വിദ്യാർഥികൾക്കാണു പരിശീലനം. 'സ്കൂളിലേക്ക് ഒരു സുരക്ഷിത പാത' എന്ന പേരിലെ പരിശീലനത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം വ്യാഴാഴ്ച രാവിലെ 10ന് അട്ടക്കുളങ്ങര ഗവ. സെൻട്രൽ ഹൈസ്കൂളിൽ മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു.

# ഇനി ഈസി ഇലക്ട്രിക് ഡ്രൈവ്; 36 ചാർജിങ് കേന്ദ്രങ്ങൾ പ്രവർത്തനസജ്ജം



**പത്തനംതിട്ട:** ചാർജിങ്ങിനെക്കുറിച്ച് ആശങ്കകളില്ലാതെ വൈദ്യുതി വാഹനങ്ങൾ ഓടിക്കാൻ ജില്ലയിൽ ചാർജിങ് സ്റ്റേഷനുകളുടെ ശൃംഖല ഒരുക്കി കെ.എസ്.ഇ.ബി. ഇരുചക്ര-വൈദ്യുതി ഓട്ടോകൾക്കായി 33 പോൾ മൗണ്ടഡ് കേന്ദ്രങ്ങളും നാലുചക്ര വാഹനങ്ങൾക്കായി പത്തനംതിട്ട, പമ്പ, തിരുവല്ല എന്നിവിടങ്ങളിൽ മൂന്ന് ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളുമാണ് പ്രവർത്തനസജ്ജമായത്.പോൾ മൗണ്ടഡ് കേന്ദ്രങ്ങളുടെ നിർമാണച്ചെലവ് 1.55 ലക്ഷവും മൂന്ന് ഫാസ്റ്റ് ചാർജിങ് കേന്ദ്രങ്ങളുടേത് 60 ലക്ഷം രൂപയുമാണ്. ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും പോൾ മൗണ്ടഡ് കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.ശബരിമല സീസൺ അടുത്ത സാഹചര്യത്തിൽവൈദ്യുതി വാഹനങ്ങളെ ആശ്രയിക്കുന്ന അയ്യപ്പഭക്തർക്കും ഈ കേന്ദ്രങ്ങൾ കൂടുതൽ പ്രയോജനപ്പെടും. കൂടുതൽ കേന്ദ്രങ്ങൾ ഭാവിയിൽ ഒരുക്കാനാണ് കെ.എസ്.ഇ.ബിയുടെ നീക്കം. വൈദ്യുതി ഓട്ടോകൾക്കും ഇരുചക്ര വാഹനങ്ങൾക്കും ചാർജ് ചെയ്യാൻ ഉതകുന്ന തരത്തിൽ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1165 പോൾ മൗണ്ടഡ് കേന്ദ്രങ്ങളാണ് ഒരുക്കുന്നത്.നിർമാണച്ചെലവ് കുറവായതിനാൽ പോൾ മൗണ്ടഡ് ചാർജിങ് കേന്ദ്രങ്ങളിൽനിന്ന് കുറഞ്ഞ നിരക്കിൽ ഓട്ടോകൾക്കും ഇരുചക്ര വാഹനങ്ങൾക്കും ചാർജ് ചെയ്യാം. കോഴിക്കോട് ജില്ലയിൽ 10 കേന്ദ്രങ്ങളിൽ നടപ്പാക്കിയ പദ്ധതി വിജയിച്ച സാഹചര്യത്തിലാണ് സംസ്ഥാനമാകെ വ്യാപിപ്പിച്ചത്. രണ്ടാംഘട്ടത്തിൽ സ്ഥാപിക്കുന്ന 1155 കേന്ദ്രങ്ങളിൽനിന്നാണ് ജില്ലയിൽ 33 എണ്ണം അനുവദിച്ചത്.നാലുചക്ര വാഹനങ്ങൾക്കായി രണ്ടാം ഘട്ടത്തിൽ അനുവദിച്ച 31 കേന്ദ്രങ്ങളിൽനിന്നാണ് ജില്ലയിൽ മൂന്ന് ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകൾ പൂർത്തിയായത്. 10 കിലോവാട്ട് മുതൽ 60 വരെ ശേഷിയുള്ള കേന്ദ്രങ്ങളാണ് ഇവ. രാജ്യത്ത് ഇപ്പോൾ വിപണിയിലുള്ളതും സമീപ ഭാവിയിൽ പ്രതീക്ഷിക്കാവുന്നതുമായ എല്ലാ കാറുകളും ചാർജ് ചെയ്യാവുന്ന സംവിധാനമാണ് ഒരുക്കിയിരിക്കുന്നത്. സ്റ്റേഷനുകൾ പ്രവർത്തിക്കാൻ ഓപറേറ്ററുടെ ആവശ്യമില്ല. ചാർജിങ്ങിന്റെ പണമടക്കുന്നതും ഡ്രൈവർക്ക് സ്റ്റേഷന്റെ ലൊക്കേഷൻ, അവിടെ ലഭ്യമായ ചാർജറുകളുടെ വിവരങ്ങൾ എന്നിവ അറിയാൻ മൊബൈൽ ആപ്പും ഒരുക്കിയിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ വിശ്രമസൗകര്യവും സൗരോർജ മേൽക്കൂരകളും സ്ഥാപിക്കാൻ നടപടി സ്വീകരിച്ച് വരുന്നതായി ബന്ധപ്പെട്ടവർ അറിയിച്ചു. വാർത്തസമ്മേളനത്തിൽ കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എൻജിനീയർ വി.എൻ. പ്രസാദ്, എക്സിക്യൂട്ടിവ് എൻജിനീയർ എ.വി. ഹരികുമാർ, നൈനാൻ സി. മാത്യൂസ്, അൻഷാദ് മുഹമ്മദ് എന്നിവർ സംബന്ധിച്ചു.

ഫലപ്രദമായ പാരമ്പര്യ ചികിത്സ
ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, തൃപ്തിയില്ലായ്മ
(പാർശ്വഫലങ്ങളില്ലാത്ത യുനാനി ചികിത്സ)
വയസ് പ്രശ്നമല്ല.
ദാമ്പത്യജീവിതത്തിൽ നിരാശയിൽ കഴിയുന്നവർ യുനാനി ചികിത്സയിൽ 35 വർഷത്തെ സേവനപാരമ്പര്യമുള്ള ഹക്കീം അവർകളെ നേരിൽ കാണുക

അൽ-മദീന വൈദ്യ-കണ്ണൂർ
ലക്ഷ്മി കോംപ്ലക്സ്, റൂം നം. 5, കൊയിലി ഹോസ്പിറ്റലിന് മുൻവശം, തലാപ്പ്, കണ്ണൂർ-4
ചൊവ്വ, വ്യാഴം, ശനി, (ഞായർ ഉച്ചവരെ) ഹക്കീം അവർകൾ ഉണ്ടായിരിക്കുന്നതാണ്
ഫോൺ: 9388824933, 8129209023



# ശുചിമുറിയിൽ മൃതദേഹവുമായി ട്രെയിൻ യാത്രതുടർന്നത് 900 കിലോമീറ്റർ; കണ്ടെത്തിയത് 3 ദിവസം കഴിഞ്ഞ്

**ന്യൂ ഡൽഹി:** ശുചിമുറിയിൽ മൃതദേഹമുള്ളതറിയാതെ ഉത്തരേന്ത്യയിലൂടെ ട്രെയിൻ യാത്ര തുടർന്നത് 900 കിലോമീറ്റർ. സഹർസാ-അമൃത്സർ ജനസേവാ എക്സ്പ്രസ്സിൽ ഉത്തർ പ്രദേശിലെ ഷാജഹാൻപുരിൽ നടത്തിയ പരിശോധനയിലാണ് മൃതദേഹം കണ്ടെത്തിയത്. യാത്രക്കാർ ദുർഗന്ധം വമിക്കുന്നതായി പരാതിപ്പെട്ടതിനെത്തുടർന്നാണ് പരിശോധന നടത്തിയത്. ഇതേത്തുടർന്ന് ട്രെയിൻ അഞ്ചു മണിക്കൂറോളം വൈകി. മരിച്ച വ്യക്തിയെ തിരിച്ചറിയാനായിട്ടില്ലെന്നും ട്രെയിൻ യാർഡിൽ കിടക്കുന്ന സമയത്ത് കയറിയതായാണ് കരുതുന്നതെന്നും റെയിൽവേ പോലീസ് ഉദ്യോഗസ്ഥൻ റാം സഹായ് വ്യക്തമാക്കി. മൃതശരീരം കണ്ടെത്തുന്നതിന് മൂന്നു നാലു ദിവസം മുൻപേ ഇയാൾ മരിച്ചതായാണ് സംശയിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മരണത്തിന് മുൻപ് ഇദ്ദേഹം ബോധം നഷ്ടപ്പെട്ടിരുന്നതായി റെയിൽവെ ഡോക്ടർ സഞ്ചയ് റായും വ്യക്തമാക്കി. മരിച്ച വ്യക്തിയെ തിരിച്ചറിയാനായി ബീഹാർ സ്റ്റേഷൻ പരിസരങ്ങളിൽ റെയിൽവേ പോലീസ് പോസ്റ്ററുകൾ പതിപ്പിച്ചിട്ടുണ്ട്.



# കേന്ദ്ര ഏജൻസികളെ ഭയമില്ല, തെറ്റുകാരനെങ്കിൽ അറസ്റ്റ് ചെയ്യൂ'; ഇ.ഡിക്കുമുന്നിൽ ഹാജരാകാതെ സോറൻ

റാഞ്ചി: താൻ തെറ്റുകാരനാണെങ്കിൽ ചോദ്യംചെയ്യാതെ അറസ്റ്റ് ചെയ്യാൻ വെല്ലുവിളിച്ച് ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ. കൽക്കരി ഖനന കുംഭകോണവുമായി ബന്ധപ്പെട്ട് സോറനെ ചോദ്യം ചെയ്യാൻ ഇ.ഡി വിളിപ്പിച്ച പശ്ചാത്തലത്തിലാണ് അദ്ദേഹത്തിന്റെ വെല്ലുവിളി. ജാർഖണ്ഡ് മുക്തി മോർച്ച പ്രവർത്തകരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വ്യാഴാഴ്ച റാഞ്ചി ഓഫീസിൽ ഹാജരാകുവാൻ ഇ.ഡി ആവശ്യപ്പെട്ടെങ്കിലും സോറൻ ഹാജരായില്ല. ഇ.ഡിയെയും സി.ബി.ഐയെയും തനിക്ക് ഭയമില്ല. കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിക്കാനുള്ള ബി.ജെ.പി ശ്രമങ്ങളെ ചെറുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ കബളിപ്പിച്ച ബിസിനസ്സുകാരനെ രാജ്യംവിടാൻ കേന്ദ്രസർക്കാർ സഹായിച്ചുവെന്നും കുറ്റപ്പെടുത്തി. സമൂഹത്തിനുവേണ്ടി തങ്ങൾ ചെയ്യുന്ന മാതൃകാപരമായ കാര്യങ്ങൾ എതിരാളികളെ അസ്വസ്ഥരാക്കുന്നുണ്ടെന്നും ഗൂഢാലോചനകൾക്കുള്ള മറുപടി ജനങ്ങൾ നൽകുമെന്നും അദ്ദേഹം പറഞ്ഞു. നിരന്തരമായി തന്നെ വേട്ടയാടുന്നത് പിന്നോക്കക്കാരുടെ അവകാശങ്ങളെ തകർക്കുവാൻ വേണ്ടിയാണെന്ന് തിങ്കളാഴ്ച സോറൻ ടീറ്റ് ചെയ്തിരുന്നു. പൂർവ്വികർ പോരാടാനാണ് തങ്ങളെ പഠിപ്പിച്ചതെന്നും തോറ്റു കൊടുക്കില്ലെന്നും അദ്ദേഹം വ്യക്തമാക്കി. അഴിമതി പുറത്തുവന്ന സാഹചര്യത്തിലുള്ള ദേഷ്യമാണ് സോറന്റേതെന്ന് ബി.ജെ.പി പ്രതികരിച്ചു. സോറന്റെ സഹായി പങ്കജ് മിശ്ര അടക്കം മൂന്നു പേരെ ഇ.ഡി കസ്റ്റഡിയിലെടുത്തിരുന്നു. ഇയാളുടെ അക്കൗണ്ടിൽ നിന്നും 11.38 കോടി രൂപയും വീട്ടിൽ നിന്നും കണക്കിൽപ്പെടാത്ത 5.34 കോടി രൂപയും പിടിച്ചെടുത്തു. മൂന്നു മാസങ്ങൾക്ക് മുൻപ് സോറന്റെ പ്രസ് അഡ്വൈസർ അഭിഷേക് പ്രസാദിനെയും ഇ.ഡി ചോദ്യം ചെയ്തിരുന്നു. അധികാരത്തിലിരിക്കെ ഖനനത്തിനുള്ള പാട്ടം സോറൻ തനിക്കുതന്നെ അനുവദിച്ചെന്ന ബി.ജെ.പിയുടെ ആരോപണം തെളിയിക്കപ്പെട്ടാൽ എം.എൽ.എ സ്ഥാനത്തുനിന്ന് സോറൻ അയോഗ്യനാക്കപ്പെടും. സോറനെതിരേ നടപടിക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ ഗവർണർ രമേഷ് ബായിസിക്ക് ശുപാർശന നൽകിയിരുന്നു. എന്നാൽ, ഇതുവരെ ഗവർണർ നടപടിയിലേക്ക് നീങ്ങിയിട്ടില്ല.





# യുവതിയെ മർദിച്ച കേസ്; എൽദോസ് കുന്നപ്പിള്ളിക്ക് ജാമ്യം

**തിരുവനന്തപുരം:** ലൈംഗികാതിക്രമക്കേസിൽ പരാതിക്കാരിയായ യുവതിയെ മർദിച്ച കേസിൽ എൽദോസ് കുന്നപ്പിള്ളി എം.എൽ.എയ്ക്ക് ജാമ്യം. തിരുവനന്തപുരം സെഷൻസ് കോടതിയാണ് ജാമ്യം അനുവദിച്ചിരിക്കുന്നത്. പരാതിക്കാരിയായ അഭിഭാഷകന്റെ ഓഫീസിൽ വെച്ച് മർദ്ദിച്ചുവെന്നാണ് കേസ്. കേരളംവിട്ട് പുറത്തുപോകരുതെന്നും ജാമ്യവ്യവസ്ഥയിൽ പറയുന്നു. എം.എൽ.എ. ഒരു ലക്ഷം രൂപ കെട്ടിവെക്കണം. രണ്ടുദിവസം പോലീസിനുമുന്നിൽ ഹാജരാകണം. ആൾജാമ്യവും വ്യവസ്ഥയിലുണ്ട്. പരാതിക്കാരി കന്യാകുമാരിയിലായിരുന്ന രണ്ടുദിവസം അവരുമായി എൽദോസ് കുന്നപ്പിള്ളി സംസാരിച്ചിരുന്നുവെന്ന് കോടതിയിൽ പ്രതിഭാഗം അഭിഭാഷകൻ വാദിച്ചു. ഇതിന്റെ തെളിവുകൾ എൽദോസിന്റെ അഭിഭാഷകൻ കോടതിയിൽ ഹാജരാക്കി. പ്രശ്നമുണ്ടായി എന്ന് പരാതിക്കാരി അവകാശപ്പെട്ടതിന് ശേഷവും ഇരുവരും തമ്മിൽ ബന്ധപ്പെട്ടിരുന്നു എന്ന് തെളിയിക്കാനാണ് അഭിഭാഷകൻ ഫോൺ രേഖകൾ ഹാജരാക്കിയത്. ശബ്ദസന്ദേശത്തിന്റെ രേഖകളും അഭിഭാഷകൻ കോടതിയിൽ ഹാജരാക്കി. ഇതുകൂടി പരിഗണിച്ചാണ് ജാമ്യം നൽകിയിരിക്കുന്നത്. എം.എൽ.എക്കെതിരായ ലൈംഗികാതിക്രമക്കേസിലും അന്വേഷണം പുരോഗമിക്കുകയാണ്. ഈ കേസിലും നേരത്തെ എൽദോസിന് ജാമ്യം ലഭിച്ചിരുന്നു. പത്തുദിവസം പോലീസിനുമുന്നിൽ ഹാജരാകാൻ ജാമ്യവ്യവസ്ഥയിൽ പറഞ്ഞിരുന്നു. ഈ കേസിൽ തെളിവെടുപ്പ് പൂർത്തിയായെന്നാണ് സൂചന.





# കാർ അപകടത്തിൽ എ എം ആരിഫ് എം പിയ്ക്ക് പരിക്ക്

**ആലപ്പുഴ:** എ എം ആരിഫ് എം പി ഓടിച്ച കാർ അപകടത്തിൽപ്പെട്ടു. ഇന്നലെ രാവിലെ ചേർത്തല കെ വി എം ആശുപത്രിക്ക് മുന്നിലായിരുന്നു അപകടം. ആരിഫ് സഞ്ചരിച്ച കാർ ചരക്ക് ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. കാർ വെട്ടിപ്പൊളിച്ചാണ് അദ്ദേഹത്തെ പുറത്തെടുത്തത്. കാറിൽ ആരിഫ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. എം പിയുടെ കാലിന് പരിക്കുണ്ടെങ്കിലും ഗുരുതരമല്ല. അദ്ദേഹത്തെ കെ വി എം ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.






# അവർ അമ്മയും ഭാര്യയും സുഹൃത്തും കൂടിയാണ്,എന്നാണ് നമുക്ക് നേരം വെളുക്കുക?'; ബെന്യാമിന്റെ കുറിപ്പ്

കഴിഞ്ഞ ദിവസം ഒരു സ്വകാര്യ ചടങ്ങിൽ മകനെ പങ്കെടുപ്പിച്ചതുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാ കളക്ടർ ദിവ്യ.എസ്.അയ്യർക്കു നേരെ വിമർശനങ്ങൾ ഉയർന്നിരുന്നു. വലിയ തോതിലുള്ള സൈബർ ആക്രമണമാണ് കളക്ടർ നേരിടേണ്ടി വന്നത്. ഇതിന് പിന്നാലെ ഈ ആക്ഷേപങ്ങൾക്ക് മറുപടിയുമായി രംഗത്തെത്തിയിരിക്കുകയാണ് എഴുത്തുകാരനായ ബെന്യാമിൻ. ജില്ലാ കളക്ടറായിരിക്കെ തന്നെ അവർ ഭാര്യ, അമ്മ, സുഹൃത്ത് എന്നിങ്ങനെ പലവിധ റോളുകൾ വഹിക്കുന്ന ഒരു വ്യക്തി കൂടിയാണെന്നും അവരുടെ സ്വകാര്യ നിമിഷങ്ങൾ പലതും നഷ്ടപ്പെടുത്തിയാണ് അവർ പല പരിപാടികളിലും പങ്കെടുക്കുന്നതും ബെന്യാമിൻ അഭിപ്രായപ്പെട്ടു. തന്റെ കുഞ്ഞിനൊപ്പം ഇത്തിരി സമയം ചിലവഴിക്കാൻ അവർക്കും അവകാശമുണ്ടെന്നും ആ സമയം നഷ്ടപ്പെടുത്തി ഒരു സ്വകാര്യ ചടങ്ങിൽ പങ്കെടുക്കുമ്പോൾ കുഞ്ഞിനെ കൂടെ കൊണ്ടുപോയി എന്നതിൽ എന്താണിത്ര ആക്ഷേപിക്കാൻ ഉള്ളതെന്നും ബെന്യാമിൻ ഫെയ്സ്ബുക്കിൽ കുറിച്ചു. പൊതുവേദികളിലും പാർലമെന്റിലും കുഞ്ഞുങ്ങളുമായെത്തുന്ന വിദേശരാജ്യങ്ങളിലെ അമ്മമാർക്ക് നൽകുന്ന ബഹുമാനം ഇവിടെയും നൽകാനുള്ള ബോധം എന്നാണ് നമ്മൾ ആർജിക്കുക എന്നും ബെന്യാമിൻ കൂട്ടിച്ചേർത്തു.





# ഷാരോൺ കൊലക്കേസ്; ആത്മഹത്യയ്ക്ക് ശ്രമിച്ച ഗ്രീഷ്മയെ ഡിസ്ചാർജ് ചെയ്തു, ജയിലിലേയ്ക്ക് മാറ്റി

**തിരുവനന്തപുരം:** പാറശാല ഷാരോൺ കൊലക്കേസിലെ പ്രതിയായ ഗ്രീഷ്മയെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും ഡിസ്ചാർജ് ചെയ്തു. പൊലീസ് കസ്റ്റഡിയിൽ തുടരവേ നെടുമങ്ങാട് ഡിവൈഎസ്പി ഓഫീസിലെ ശുചിമുറിയിൽ വെച്ച് ആത്മഹത്യാശ്രമം നടത്തിയതിനെ തുടർന്നാണ് ഗ്രീഷ്മയെ മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചത്. പ്രത്യേക മെഡിക്കൽ സംഘത്തിന്റെ വിലയിരുത്തലിൽ ആരോഗ്യനില തൃപ്തികരമാണെന്ന റിപ്പോർട്ട് ലഭിച്ചതിനെ തുടർന്നാണ് പ്രതിയെ ഡിസ്ചാർജ് ചെയ്തത്. തുടർന്ന് ഗ്രീഷ്മയെ ജയിലിലേയ്ക്ക് മാറ്റി. കസ്റ്റഡിയിലെ ചോദ്യം ചെയ്യൽ ഒഴിവാക്കാനായി പ്രതി മനഃപൂർവ്വം ആശുപത്രിയിൽ തുടരുന്നു എന്ന പൊലീസ് ആരോപണത്തിനിടയിലാണ് ഗ്രീഷ്മയ്ക്ക് ഡിസ്ചാർജ് നൽകിയത്. നിലവിൽ അട്ടക്കുളങ്ങര വനിതാ ജയിലിലേയ്ക്കാണ് ഗ്രീഷ്മയെ മാറ്റിയിരിക്കുന്നത്. ഗ്രീഷ്മയുടെ അമ്മാവനെയും അമ്മയെയും കസ്റ്റഡിയിൽ വിട്ട് കിട്ടണമെന്ന ആവശ്യവുമായി പൊലീസ് അപേക്ഷ സമർപ്പിച്ചിരുന്നു ഗ്രീഷ്മ ശുചിമുറിയിൽ പോകണമെന്ന് പറഞ്ഞപ്പോൾ ലോക്കപ്പിലെ സൗകര്യം ഉപയോഗിക്കാതെ, പുറത്തിറക്കി മറ്റൊരു ടോയ്ലെറ്റിലാണ് സുരക്ഷാ ചുമതലയുള്ള പൊലീസുകാരികൾ കൊണ്ടുപോയത്. പ്രതി കയറുന്നതിന് മുമ്പ് ശുചിമുറിയുടെ അകത്ത് പരിശോധന നടത്തിയില്ല. കൂടാതെ വാതിൽ അകത്തുനിന്ന് ലോക്ക് ചെയ്യാനും അനുവദിച്ചിരുന്നു. ശുചിമുറിയിക്കുള്ളിൽ വെച്ച് ലൈസോൾ അണുനാശിനി കുടിച്ച് ആത്മഹത്യയ്കക്ക് ശ്രമിച്ച പ്രതിയുടെ തൊണ്ടയിലും അന്നനാളത്തിലും മുറിവുകളുള്ളതായി പ്രാഥമിക പരിശോധനയിൽ തെളിഞ്ഞിരുന്നു. സംഭവത്തിൽ സുരക്ഷാ വീഴ്ച വരുത്തിയതിന് നെടുമങ്ങാട് സ്റ്റേഷനിലെ രണ്ട് വനിതാ പൊലീസുകാർ സസ്പെൻഷൻ നേരിട്ടിരുന്നു. .



# മെറ്റ ഇന്ത്യ മേധാവി അജിത് മോഹൻ രാജിവെച്ചു

ന്യൂഡൽഹി: ഫെയ്സ്ബുക്ക് ഉൾപ്പെടെയുള്ള സാമൂഹിക മാധ്യമസ്ഥാപനങ്ങളുടെ മാതൃകമ്പനിയായ മെറ്റയുടെ ഇന്ത്യയിലെ മേധാവി അജിത് മോഹൻ രാജിവെച്ചു. കമ്പനിക്ക് പുറത്ത് മറ്റൊരു അവസരത്തിനായി രാജിവെച്ചുവെന്നാണ് മെറ്റ അറിയിച്ചത്. മറ്റൊരു സാമൂഹിക മാധ്യമസ്ഥാപനമായ സ്നാപ്പുമായി ചേർന്ന് പ്രവർത്തിക്കാനാണ് അജിതിന്റെ രാജിയെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ. 2019-ലാണ് അജിത് മോഹൻ മെറ്റയുടെ മാനേജിങ് ഡയറക്ടറായി ചുമതലയേറ്റടുത്തത്. അതിന് മുമ്പ് സ്റ്റാർ ഇന്ത്യയുടെ വീഡിയോ സ്ട്രീമിങ് പ്ലാറ്റ്ഫോമായ ഹോട്സ്റ്റാറിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരുന്നു. അജിത്തിന്റെ കാലത്താണ് മെറ്റയുടെ സാമൂഹിക മാധ്യമങ്ങളായ വാട്സ്ആപ്പും ഇൻസ്റ്റഗ്രാമും ഉപയോക്താക്കളുടെ എണ്ണത്തിൽ 20 കോടി പിന്നിട്ടത്

# നടിയെ അക്രമിച്ച കേസിൽ വിചാരണ പത്തിന് ആരംഭിക്കും; മഞ്ജുവിനെ വിസ്തരിക്കുന്നതിൽ തീരുമാനം പിന്നീട്



**കൊച്ചി:** നടിയെ ആക്രമിച്ച കേസിലെ വിചാരണ ഈ മാസം പത്താം തീയ്യതി മുതൽ ആരംഭിക്കും. കേസിൽ വിചാരണ നടപടി പൂർത്തീകരിക്കാൻ സുപ്രീംകോടതി സമയപരിധി നിശ്ചയിച്ച സാഹചര്യത്തിൽ വേഗത്തിൽത്തന്നെ വിചാരണ പൂർത്തീകരിക്കുന്നതിലേക്ക് നീങ്ങുകയാണ് കോടതി. അടുത്ത വർഷം ജനുവരിയോടുകൂടി വിചാരണ പൂർത്തിയാക്കണമെന്നാണ് സുപ്രീംകോടതി വ്യക്തമാക്കിയിരിക്കുന്നത്. നേരത്തെ, വിചാരണ അവസാനിക്കുന്ന ഘട്ടത്തിൽ അന്വേഷണ ഉദ്യാഗസ്ഥൻ ബൈജു എം.പൗലോസിൻറെ വിചാരണ മാത്രമാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. അതിനിടയിൽ ക്രൈം ബ്രാഞ്ച് തുടരന്വേഷണവുമായി മുന്നോട്ടുവരികയും വിചാരണ നിർത്തിവയ്ക്കുകയുമായിരുന്നു. 39 സാക്ഷികളെയാണ് തുടരന്വേണത്തിന്റെ ഭാഗമായി വിസ്തരിക്കാൻ പ്രോസിക്യൂഷൻ ആവശ്യപ്പെട്ടിരിക്കുന്നത്. അതിൽ 36 പേർക്ക് കോടതി സമൻസ് അയച്ചിട്ടുണ്ട്. ബാലചന്ദ്രകുമാർ, സായ് ശങ്കർ ആടക്കമുള്ളവർ ഈ 36 പേരിൽ ഉൾപ്പെടും. മഞ്ജു വാര്യർ അടക്കമുള്ള ബാക്കി മൂന്നു പേരുടെ കാര്യത്തിൽ തീരുമാനം പിന്നീടായിരിക്കും ഉണ്ടാകുക. മഞ്ജുവിനെ ഒരിക്കൽ വിസ്തരിച്ചതിനാൽ വീണ്ടും വിസ്തരിക്കണമെങ്കിൽ പ്രത്യേക അപേക്ഷ നൽകി പ്രതിഭാഗത്തിന്റെകൂടി വാദംകേട്ടതിന് ശേഷമേ തീരുമാനമെടുക്കാൻ സാധിയ്ക്കുള്ളുവെന്ന് കോടതി അറിയിച്ചു.

FILM WORLD





# 'ഡിയർ താര'യിൽ നായികയായി മോജ് താരം നീതു നായർ

ഇന്ത്യയിലെ നമ്പർ വൺ ഷോർട്ട് വീഡിയോ ആപ്പായ മോജിലെ ജനപ്രിയ ഉള്ളടക്ക സ്രഷ്ടാവായ നീതു നായർ, പിഎഎ ഒറിജിനൽസ് നിർമ്മിച്ച തെലുങ്ക് പ്രണയഗാനമായ 'ഡിയർ താര'യിൽ നായികയായി തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ ഐഡലിലെ ഏറ്റവും പ്രിയപ്പെട്ട ഗായകരിൽ ഒരാളായി പ്രശസ്തി നേടിയ എൻ.സി കാരുണ്യയാണ് ഗാനം മനോഹരമായി ആലപിച്ചിരിക്കുന്നത്. മ്യൂസിക് വീഡിയോയിൽ സൂര്യ ശ്രീനിവാസും മോജ് സ്രഷ്ടാവ് കണ്ണ ഗോഗുലയും മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.കേരളത്തിലെ തിരുവനന്തപുരം സ്വദേശിനീയായ നീതു നായർ ചെറുപ്പം മുതലേ അഭിനയത്തിലും നൃത്തത്തിലും അഭിരുചിയുള്ളവളാണ്. 9 വയസ്സുള്ളപ്പോൾ തന്നെ സംസ്ഥാനതല നൃത്ത മത്സരങ്ങളിൽ വിജയിയായിരുന്നു. മോജിലെ അവരുടെ അതിമനോഹരമായ ജനപ്രീതി അവർക്ക് ഒരു വലിയ ആരാധകവൃന്ദത്തെ നേടിക്കൊടുക്കുകയും ഒടുവിൽ അഭിനയത്തിലേക്കും താരപദവിയിലേക്കും അവരുടെ പ്രവേശനത്തിന് വഴിയൊരുക്കുകയും ചെയ്തു.കഴിഞ്ഞ മാസം പുറത്തിറങ്ങിയ ഗാനത്തിന്റെ വീഡിയോ 44,000-ലധികം വ്യൂസോടെ ഇതിനകം തന്നെ മികച്ച പ്രതികരണം ലഭിച്ചു മുന്നേറുന്നു. കൂടാതെ മ്യൂസിക്കൽ ലവ് സ്റ്റോറിയിലെ പ്രമുഖ സ്ത്രീ താരത്തിന്റെ മികച്ച ചിത്രീകരണത്തിന് നീതുവിന് വളരെയധികം പ്രശംസകൾ ലഭിച്ചു. തന്റെ അഭിനയവും നൃത്തവുമായ കഴിവുകൾ വൈവിധ്യമാർന്ന ഉള്ളടക്കത്തിൽ പ്രദർശിപ്പിക്കുന്ന നീതുവിന് മോജ് ആപ്പിൽ മികച്ച ജനപ്രീതിയാണുള്ളത്. 375സ ആപ്പ് ഫോളോവേഴ്സും 4.3 ദശലക്ഷം ലൈക്കുകളും നീതുവിന് മോജ് ആപ്പിൽ ഉണ്ട്.''അഭിനേതാവ് എന്ന നിലയിൽ, ഒരു പ്രോജക്റ്റിൽ നായികയാവുക എന്നതാണ് ഞങ്ങളുടെ ഹൃദയത്തോട് ഏറ്റവും അടുത്ത് കൊണ്ടുപോകുന്ന സ്വപ്നം. എന്നെപ്പോലുള്ള ഒരു കടുത്ത റൊമാന്റിക്കിന്, ഈ പ്രണയ സാഗ ഒരു മികച്ച അവസരമാണ് നൽകിയിരിക്കുന്നത്. അഭിനിവേശത്തിന്റെയും വേദനയുടെയും ദുരന്തത്തിന്റെയും ഈ മനോഹരമായ റോളർ കോസ്റ്ററിൽ എന്നെ കാസ്റ്റുചെയ്തതിന് എന്റെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള ഒരു പ്ലാറ്റ്ഫോം നൽകിയതിന് മോജിനോട് ഞാൻ നന്ദിയുള്ളവളാണ്;'' മോജ് സ്രഷ്ടാവായ നീതു നായർ പറഞ്ഞു. ''നീതു ഞങ്ങളുടെ 'താര' ആണെന്ന് ഞങ്ങൾക്കറിയാമായിരുന്നു. മോജ് ആപ്പിൽ അവൾ പങ്കിടുന്ന ഉള്ളടക്കത്തിലൂടെ അവളുടെ കുറ്റമറ്റ ഭാവങ്ങളും അഭിനയ കഴിവുകളും ഞങ്ങൾ കണ്ടിരുന്നു, സ്ക്രീൻ ടെസ്റ്റ് ഞങ്ങളുടെ തീരുമാനം സ്ഥിരീകരിച്ചു. ഗാനത്തിന്റെ സങ്കീർണ്ണമായ വികാരങ്ങൾ അവൾ മനോഹരമായി അവതരിപ്പിച്ചു.' പവൻ കുമാർ, പിഎഎ ഡിജിറ്റൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകൻ കൂട്ടിച്ചേർത്തു. മോജ് ഒരു അദ്വിതീയ പ്ലാറ്റ്ഫോം സൃഷ്ടിക്കുകയും അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും വാണിജ്യ വിജയത്തിന് പുതിയ വഴികൾ നൽകുന്നതിനുമുള്ള കഴിവുകൾ സജ്ജീകരിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഉള്ളടക്ക സ്രഷ്ടാക്കളുടെ സമാനതകളില്ലാത്ത ഒരു കമ്മ്യൂണിറ്റി നിർമ്മിച്ചു. ഭാഷാ തടസ്സങ്ങൾക്കിടയിലും തെലുങ്ക് നിർമ്മാണത്തിൽ നീതു അനായാസമായി അഭിനയിച്ചു എന്നത് ശ്രദ്ധേയമാണ്. ഹൈദരാബാദിൽ നിന്നുള്ള മറ്റൊരു ജനപ്രിയ മോജ് സ്രഷ്ടാവായ കണ്ണ ഗോഗുലയും പ്രണയഗാനത്തിലുണ്ട്. ഈ പ്രണയകഥയ്ക്ക് ഒരു വഴിത്തിരിവ് നൽകുന്ന ഒരു പ്രധാന വേഷത്തിൽ അദ്ദേഹം ഒരു സഹകഥാപാത്രത്തെ അവതരിപ്പിക്കുന്നു. 344സ ഫോളോവേഴ്സും 1.4 ദശലക്ഷം ലൈക്കുകളും ഉള്ള തന്റെ തമാശ മുതൽ വിചിത്രമായത് മുതൽ വികാരങ്ങൾ നിറഞ്ഞ വീഡിയോകളിലൂടെ തന്റെ അഭിനയ കഴിവ് പ്രദർശിപ്പിച്ചു കാന ഗോഗുല മോജിൽ ഒരു വലിയ ആരാധകവൃന്ദം സൃഷ്ടിച്ചിട്ടുണ്ട്. ഉള്ളടക്ക സ്രഷ്ടാക്കളും ഡിജിറ്റൽ സൂപ്പർസ്റ്റാറുകളും പ്രാദേശിക തടസ്സങ്ങൾക്കപ്പുറത്ത് ആരാധകരെ നയിക്കുന്ന ദക്ഷിണേന്ത്യ, പ്രതിഭകളുടെ ഒരു ഹോട്ട്സ്പോട്ടായി ഉയർന്നു, ഈ പ്രതിഭയെ പരിപോഷിപ്പിക്കുന്നതിനും അവർക്ക് വാണിജ്യ വിജയത്തിനുള്ള പുതിയ വഴികൾ നൽകുന്നതിനുമായി മോജ് ഒരു അതുല്യമായ പ്ലാറ്റ്ഫോം സൃഷ്ടിച്ചു. മോജ് ഫോർ ക്രിയേറ്റേഴ്സ് അക്കാദമി പോലുള്ള സംരംഭങ്ങൾ ഉള്ളടക്ക സ്രഷ്ടാക്കളെയും അഭിനേതാക്കളെയും അവരുടെ കഴിവുകൾ നന്നായി പ്രകടിപ്പിക്കുന്നതിനും ഇതുപോലുള്ള വലിയ അവസരങ്ങളിലേക്കും മുഖ്യധാരാ വിജയത്തിലേക്കും വഴിയൊരുക്കാനും സജ്ജരാക്കുന്നു.







# നിവിൻ പോളിയുടെ 'താരം' സിനിമയ്ക്ക് മണാലിയിൽ തുടക്കമായി

നിവിൻ പോളി കേന്ദ്രകഥാപാത്രമായി എത്തുന്ന താരം സിനിമയ്ക്ക് മണാലിയിൽ തുടക്കമായി. വിനയ് ഗോവിന്ദ് സംവിധാനം ചെയ്യുന്ന ചിത്രത്തിൽ വിനയ് ഫോർട്ട്, നിഖില വിമൽ, കൃഷ്ണ ശങ്കർ, കയാദു ലോഹർ, നമിത കൃഷ്ണമൂർത്തി എന്നിവരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.കിളി പോയി, കോഹിനൂർ എന്നീ ചിത്രങ്ങൾക്ക് ശേഷം വിനയ് ഗോവിന്ദ് സംവിധാനം ചെയ്യുന്ന ചിത്രമാണ് താരം. വിവേക് രഞ്ജിത്താണ് ചിത്രത്തിന് തിരക്കഥ ഒരുക്കുന്നത്.സിനിമയുടെ ഛായാഗ്രഹണം നിർവഹിക്കുന്നത് പ്രദീഷ് എം.വർമ. സംഗീത സംവിധാനം രാഹുൽ രാജ്. പോളി ജൂനിയർ പിക്ച്ചേഴ്സും മാജിക് ഫ്രെയിംസും ചേർന്നാണ് ചിത്രം നിർമിക്കുന്നത്.

# വിനീതിന്റെ കൈപിടിച്ച് ശ്രീനിവാസൻ: ഒരിടവേളയ്ക്ക് ശേഷം പ്രിയ നടൻ പൊതുവേദിയിൽ

ഒരിടവേളയ്ക്ക് ശേഷം മലയാളികളുടെ പ്രിയ നടൻ ശ്രീനിവാസൻ പൊതുവേദിയിലെത്തിയ സന്തോഷത്തിലാണ് ആരാധകർ. ശ്രീനിവാസൻ പങ്കെടുത്ത വിവാഹത്തിന്റെ വീഡിയോയാണ് ഇപ്പോൾ ആരാധകർ ഏറ്റെടുത്തത്.മെറിലാൻഡ് സ്റ്റുഡിയോ ഉടമ പി സുബ്രഹ്മണ്യത്തിൻറെ ചെറുമകനും നിർമ്മാതാവുമായ വിശാഖ് സുബ്രഹ്മണ്യത്തിന്റെ വിവാഹത്തിൽ പങ്കെടുക്കാൻ എത്തിയതായിരുന്നു ശ്രീനിവാസൻ.കാറിൽ വന്നിറങ്ങിയ ശ്രീനിവാസനെ മകൻ വിനീത് കൈപിടിച്ച് വിവാഹ വേദിയിലേക്ക് ആനയിക്കുകയായിരുന്നു. ഒരിടവേളയ്ക്ക് ശേഷം പ്രിയ നടൻ പൊതുവേദിയിലെത്തിയ സന്തോഷത്തിലാണ് മലയാളികൾ ഇപ്പോൾ. അപ്രതീക്ഷിതമായി വന്നുചേർന്ന അസുഖത്തെ തോൽപ്പിച്ച് സിനിമ മേഖലയിലേക്ക് തിരിച്ചു വരാനൊരുങ്ങുകയാണ് നടൻ.അസുഖബാധിതനായ ശ്രീനിവാസനെ മാർച്ച് 30നാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ആൻജിയോഗ്രാം പരിശോധനയിൽ അദ്ദേഹത്തിന് ട്രിപ്പിൾ വെസ്സൽ ഡിസീസ് (ധമനികളിലെ രക്തമൊഴുക്കിന് തടസം നേരിടൽ) കണ്ടെത്തിയിരുന്നു. ഇതേത്തുടർന്ന് മാർച്ച് 31 വ്യാഴാഴ്ച്ച ബൈപാസ് സർജറിക്കും വിധേയനാക്കിയിരുന്നു. ശേഷം ഏപ്രിൽ 19ന് അദ്ദേഹം ആശുപത്രി വിടുകയും ചെയ്തു.





BUSINESS NEWS





# മാരുതിക്ക് മറ്റൊരു നാഴികക്കല്ല്, രണ്ടര കോടി വാഹനങ്ങൾ നിർമ്മിച്ച ആദ്യ കമ്പനി

**ന്യൂഡൽഹി:** ഉൽപ്പാദനരംഗത്ത് മറ്റൊരു നാഴികക്കല്ല് പിന്നിട്ട് പ്രമുഖ വാഹന നിർമ്മാതാക്കളായ മാരുതി സുസുക്കി.ഇന്ത്യയിൽ നിർമ്മിച്ച വാഹനങ്ങളുടെ എണ്ണം രണ്ടര കോടിയായി. ഇന്ത്യയിൽ യാത്രാ വാഹനങ്ങളുടെ സെഗ്മെന്റിൽ ഈ നാഴികക്കല്ല് പിന്നിടുന്ന ആദ്യ കമ്പനിയാണ് മാരുതി സുസുക്കി.1983ലാണ് മാരുതി സുസുക്കി ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചത്. ഗുഡ്ഗാവിലാണ് ( ഇപ്പോൾ ഗുരുഗ്രാം) ആദ്യ ഫാക്ടറി നിർമ്മിച്ചത്. നിലവിൽ ഗുരുഗ്രാമിന് പുറമേ ഹരിയാന യിലെ തന്നെ മനേസറിലും കമ്പനിക്ക് ഉൽപ്പാദന യൂണിറ്റ് ഉണ്ട്. 15ലക്ഷമാണ് കമ്പനിയുടെ വാർഷിക ശേഷി.മാരുതി 800 മോഡൽ അവതരിപ്പിച്ചാണ് മാരുതി സുസുക്കി ഇന്ത്യയിൽ കാലുറപ്പിച്ചത്. നിലവിൽ 16 മോഡലുകളാണ് കമ്പനി വിൽക്കുന്നത്. ഏകദേശം നൂറ് രാജ്യങ്ങളിലേക്ക് വാഹനങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. ഹരിയാനയിൽ തന്നെ മറ്റൊരു ഫാക്ടറി കമ്പനി നിർമ്മിച്ചുവരികയാണ്. ഇന്ത്യൻ വിപണിയിൽ കൂടുതൽ കരുത്താർജ്ജിക്കുക എന്ന ലക്ഷ്യംവെച്ച് ഉൽപ്പാദനം കൂട്ടാനാണ് കമ്പനി ആഗ്രഹിക്കുന്നത്.




# പേമേറ്റ് സിങ്കപൂരിലും ശ്രീലങ്കയിലും പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഡിജിറ്റൽ ബി ടു ബി പേയ്മെന്റ് സേവനദാതാക്കളായ പേമേറ്റ് ഇന്ത്യ പ്രവർത്തനം സിങ്കപൂരിലേക്കും ശ്രീലങ്കയിലേക്കും വ്യാപിപ്പിച്ചു.ഈ രാജ്യങ്ങളിലെ വൻകിട, ചെറുകിട കമ്പനികൾക്ക് പേമേറ്റ് പ്ലാറ്റ്ഫോംവഴി അവരുടെ കോർപറേറ്റ് ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് പേമെന്റുകൾ നടത്തുകയും പ്രവർത്തനം മൂലധന ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യാം.പേമേറ്റ് ഏഷ്യാ പസഫിക് മേഖലാ മേധാവിയായി അമിറെസ സാവലിനെ നിയമിച്ചു. സിങ്കപൂർ കേന്ദ്രീകരിച്ചായിരിക്കും സാവൽ പ്രവർത്തിക്കുക.




# സ്ട്രീറ്റ് വ്യൂ ആപ്പ് ഗൂഗിൾ പിൻവലിക്കാൻ പോകുന്നു

**ന്യൂഡൽഹി:** സ്ട്രീറ്റ് വ്യൂ ആപ്പ് പിൻവലിക്കാൻ പ്രമുഖ ടെക് കമ്പനിയായ ഗൂഗിൾ ഒരുങ്ങുന്നതായി റിപ്പോർട്ട്.നേർകാഴ്ച പോലെ യാത്രക്കാർക്ക് റോഡിന് ഇരുവശമുള്ള കാഴ്ചകൾ കാണാൻ സഹായിക്കുന്നതാണ് സ്ട്രീറ്റ് വ്യൂ ആപ്പ്. 2023 മാർച്ചോടെ ഈ ആപ്പ് പിൻവലിക്കാനാണ് കമ്പനി ഒരുങ്ങുന്നതെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.നിലവിൽ ഐഒഎസ്, ആൻഡ്രോയിഡ് പ്ലാറ്റ്ഫോമുകളിൽ ഗൂഗിളിന്റെ സ്ട്രീറ്റ് വ്യൂ ആപ്പ് ലഭിക്കും. പ്ലേ സ്റ്റോറിൽ നിന്നും ആപ്പ് സ്റ്റോറിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാൻ കഴിയുംവിധമാണ് ക്രമീകരണം ഒരുക്കിയിരിക്കുന്നത്. ഗൂഗിൾ മാപ്പിൽ ഷോപ്പുകൾ ഉൾപ്പെടെ യാത്രക്കാരന്റെ ആവശ്യാനുസരണം സ്ഥലങ്ങൾ കണ്ടെത്തുന്നതിന് സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ആപ്പ് അവതരിപ്പിച്ചത്. സ്ഥലങ്ങൾ കൂടുതൽ വ്യക്തതയോടെ കാണാൻ സഹായിക്കുന്ന 360 ഡിഗ്രി ഇമേജറി അടക്കം വിവിധ ഫീച്ചറുകൾ അടങ്ങുന്നതാണ് ഈ ആപ്പ്.നിലവിൽ ഗൂഗിൾ മാപ്പ് ആപ്പിൽ തന്നെ സ്ട്രീറ്റ് വ്യൂ ഫീച്ചർ ഉപയോഗിക്കാൻ സാധിക്കും. 360 ഡിഗ്രി ഇമേജറി അടക്കം യാത്രക്കാരന്റെ സൗകര്യം അനുസരിച്ചുള്ള എല്ലാ ഫീച്ചറുകളും ഇതിൽ ഉണ്ട്. അതിനാൽ പ്രത്യേക ആപ്പ് അപ്രധാനമാണ് എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഗൂഗിൾ സ്ട്രീറ്റ് വ്യൂ ആപ്പ് പിൻവലിക്കുന്നത് എന്നാണ് റിപ്പോർട്ടുകൾ.

# സെമി പ്രതീക്ഷ നിലനിർത്തി പാകിസ്ഥാൻ; മഴ മുടക്കിയ മത്സരത്തിൽ ആധികാരിക ജയം




**സിഡ്നി:** ലോകകപ്പിലെ ജീവന്മരണപ്പോരാട്ടത്തിൽ ദക്ഷിണാഫ്രിക്കക്കെതിരെ പാക്കിസ്ഥാന് ആധികാരിക ജയം. മഴ മൂലം 14 ഓവറായി വെട്ടിച്ചുരുക്കി 142 റൺസ് വിജയലക്ഷ്യം പുനർനിശ്ചയിച്ച മത്സരത്തിൽ പാകിസ്ഥാന് 33 റൺസിന്റെ ജയം.ഇതോടെ പാകിസ്ഥാന്റെ സെമി പ്രതീക്ഷകൾ സജീവമായി.പാകിസ്ഥാൻ ഉയർത്തിയ വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്കക്ക് 14 ഓവറിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 108 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ. ഇന്നിംഗ്സിലെ ആറാം പന്തിൽ ഷഹീൻ ഷാ അഫ്രീദി ഓപ്പണർ ക്വിന്റൺ ഡി കോക്കിനെ പൂജ്യത്തിന് പറഞ്ഞയച്ചു. പിന്നാലെ മൂന്നാം ഓവറിൽ റിലീ റൂസോയെ പറഞ്ഞയച്ച് വീണ്ടും ഷഹീൻ ഷാ അഫ്രീദി ദക്ഷിണാഫ്രിക്കക്ക് പ്രഹരമേൽപ്പിച്ചു. ക്യാപ്റ്റൻ തെംബാ ബാവുമയും എയ്ഡൻ മാർക്രമും ചേർന്ന് ദക്ഷിണാഫ്രിക്കയെ കരകരയറ്റുമെന്ന് തോന്നിപ്പിച്ചെങ്കിലും ബാറ്റിംഗിൽ തിളങ്ങിയ ഷദാബ് ഖാൻ ബൗളിംഗിലും ഇന്ദ്രജാലം കാണിച്ചു. ബാവുമയെ ആദ്യ പന്തിലും മാർക്രമിനെ മൂന്നാം പന്തിലും പുറത്താക്കി ദക്ഷിണാഫ്രിക്കയുടെ നടുവൊടിച്ചു.ഒമ്പത് ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 69 റൺസിൽ നിൽക്കേ മഴ കളി മുടക്കി. പിന്നീട് ഡക്ക് വർത്ത് ലൂയിസ് നിയമപ്രകാരം 14 ഓവറിൽ 142 റൺസായി വിജയലക്ഷ്യം പുതുക്കി നിശ്ചയിച്ചു. 30 പന്തിൽ 73 റൺസ് എന്ന നിലയിലായിരുന്നു മഴയ്ക്കുശേഷം മത്സരം ആരംഭിച്ചത്. ഹെൻ റിച്ച് ക്ലേസനും ട്രിസ്റ്റൻ സ്റ്റബ്സും കൂറ്റനടികൾക്ക് ശ്രമിച്ചെങ്കിലും ക്ലേസനെ ഷഹീൻ ഷായും വെയ്ൻ പാർനെലിനെ വസീമും പറഞ്ഞയച്ചതോടെ ദക്ഷിണാഫ്രിക്ക പ്രതിരോധത്തിലായി. 13ാം ഓവറിൽ സ്റ്റബ്സ് വീണതോടെ ദക്ഷിണാഫ്രിക്ക തോൽവിയിലേക്ക് കൂപ്പുകുത്തി.19 പന്തിൽ 36 റൺസെടുത്ത ക്യാപ്റ്റൻ തെംബാ ബാവുമയാണ് ടോപ്സ്കോറർ. എയ്ഡൻ മാർക്രാം 14 പന്തിൽ 20, ഹെൻ റിച്ച് ക്ലേസൻ 9 പന്തിൽ 15, സ്റ്റബ്സ് 18 പന്തിൽ 18, റിലീ റൂസോ ആറ് പന്തിൽ ഏഴ് റൺസ്, പാർനെൽ 3, റബാദ, ആന്റിച്ച് നോർക്യ എന്നിവർ ഓരോ റൺ വീതമെടുത്തും പുറത്തായി.പാകിസ്ഥാനുവേണ്ടി ഷഹീൻ ഷാ മൂന്നുവിക്കറ്റും ഷബാദ് ഖാൻ രണ്ട് വിക്കറ്റും നസീം ഷാ, ഹാരിസ് റൗഫ്, മുഹമ്മദ് വാസിം ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.നേരത്തെ ടോസ് നേടി ബാറ്റിംഗിനിറങ്ങിയ പാക്കിസ്ഥാൻ മുൻനിര തകർന്നടിഞ്ഞിട്ടും അവിശ്വസനീയ തിരിച്ചുവരവാണ് പാകിസ്ഥാൻ നടത്തിയത്. പാകിസ്ഥാൻ നിശ്ചിത 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 189 റൺസാണ് നേടിയത്. ഇഫ്തിഖർ അഹമ്മദിന്റെയും ഷദാബ് ഖാനുമാണ് പാകിസ്ഥാന്റെ രക്ഷകരായി മാറിയത്. ഇരുവരും നേടിയ അർധസെഞ്ചുറികളുടെ കരുത്തിലാണ് പാക് ഇന്നിംഗ്സ് മികച്ച സ്കോർ പടുത്തുയർത്തിയത്. 22 പന്തിൽ 52 റൺസെടുത്ത ഷദാബ് ഖാനാണ് പാക്കിസ്ഥാന്റെ ടോപ സ്കോറർ. ദക്ഷിണാഫ്രിക്കക്കായി ആന്റിച്ച് നോർക്യ 41 റൺസിന് നാലു വിക്കറ്റെടുത്തു.തകർച്ചയോടെയായിരുന്നു പാക് ഇന്നിംഗ്സ് ആരംഭിച്ചത്. ആദ്യ ഓവറിൽ തന്നെ ഫോമിലുള്ള മുഹമ്മദ് റിസ്വാനെ വെയ്ൻ പാർനൽ ബൗൾഡാക്കി. വൺ ഡൗണായെത്തിയ മുഹമ്മദ് ഹാരിസ് കാഗിസോ റബാഡക്കെതിരെ തുടർച്ചയായി രണ്ട് സിക്സും ഫോറും നേടി പാക്കിസ്ഥാന് പ്രതീക്ഷ നൽകി. പാർണൽ എറിഞ്ഞ മൂന്നാം ഓവറിലും ഹാരിസ് ബൗണ്ടറി നേടി. എന്നാൽ താളം കണ്ടെത്താൻ പാടുപെട്ട ക്യാപ്റ്റൻ ബാബർ അസം റണ്ണടിക്കാൻ പാടുപെട്ടത് പാക്കിസ്ഥാനെ പ്രതിരോധത്തിലാക്കി. തകർത്തടിച്ച ഹാരിസിനെ അഞ്ചാം ഓവറിൽ ആന്റിച്ച് നോർക്യ മടക്കിയതോടെ പാക്കിസ്ഥാന്റെ തകർച്ച ആരംഭിച്ചു. 11 പന്തിൽ 27 റൺസായിരുന്നു ഹാരിസ് നേടിയത്.പവർപ്ലേയിലെ അവസാന ഓവറിൽ ക്യാപ്റ്റൻ ബാബർ അസമിനെ ലുങ്കി എങ്കിഡിയുടെ പന്തിൽ റബാഡ പുറത്താക്കി. ബാബർ അസം 15 പന്തിൽ ആറ് റൺസ് നേടി ഒരിക്കൽ കൂടി പാക് ആരാധകരെ നിരാശയിലാക്കി. പവർപ്ലേക്ക് പിന്നാലെ ഷാൻ മസൂദിനെ നോർക്യ ക്യാപ്റ്റൻ ടെംബാ ബാവുമയുടെ കൈകകളിൽ എത്തിച്ചതോടെ പാക്കിസ്ഥാൻ 43-4ലേക്ക് കൂപ്പുകുത്തി. പിന്നീട് ഒത്തുചേർന്ന ഇഫ്തീഖറും മുഹമ്മദ് നവാസും(28) ചേർന്ന് പാക്കിസ്ഥാനെ ആദ്യം തകർച്ചയിൽ നിന്ന് കരകയറ്റി. നവാസിനെ ഷംസി മടക്കിയശേഷം ക്രീസിലെത്തിയ ഷദാബ് ഖാൻ തകർത്തടിച്ചതോടെ പാക്കിസ്ഥാൻ മികച്ച സ്കോറിലേക്ക് നീങ്ങി. ഷദാബിനൊപ്പം ഇഫ്തീഖറും പാക് സ്കോർ ഉയർത്തി. 35 പന്തിൽ 51 റൺസാണ് ഇഫ്തീഖർ എടുത്തത്.ദക്ഷിണാഫ്രിക്കൻ ഫീൽഡർമാരുടെ ചോരുന്ന കൈകകൾ കൂടി ചേർന്നതോടെ പാക്കിസ്ഥാൻ മികച്ച സ്കോറിലെത്തി. നാലാം വിക്കറ്റ് വീണ ശേഷം 142 റൺസാണ് പാക്കിസ്ഥാൻ കൂട്ടിച്ചേർത്തത്. ആറാം വിക്കറ്റിൽ ഷദാബും ഇഫ്തിഖറും ചേർന്ന് 35 പന്തിൽ 82 റൺസ് കൂട്ടിച്ചേർത്തതാണ് പാക് ഇന്നിംഗ്സിന്റെ നട്ടെല്ല്. അവസാന നാലോവറിൽ 50 റൺസാണ് ഇരുവരും ചേർന്ന് അടിച്ചു കൂട്ടിയത്.ദക്ഷിണാഫ്രിക്കക്കുവേണ്ടി ആന്റിച്ച് നോർക്യ നാലു വിക്കറ്റും വെയ്ൻ പാർണൽ, കാഗിസോ റബാഡ, ലുങ്കി എങ്കിഡി, ടബ്രൈസ് ഷംസി എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.



## ആഴ്സണലിന് വലിയ ആത്മവിശ്വാസം പകർന്നു സാകയും സിഞ്ചെങ്കോയും പരിക്ക് മാറി എത്തി

ആഴ്സണലിന് വലിയ ആശ്വാസവും ആത്മവിശ്വാസവും പകർന്നു പരിക്ക് മാറി എത്തിയ ബുകയോ സാക, ഒലക്സാണ്ടർ സിഞ്ചെങ്കോ എന്നിവർ പരിശീലനത്തിൽ ഏർപ്പെട്ടു.പ്രീമിയർ ലീഗിൽ കഴിഞ്ഞ നോട്ടിങ്ഹാം ഫോറസ്റ്റിന് എതിരായ മത്സരത്തിൽ ആണ് സാകക്ക് പരിക്കേറ്റത്. എന്നാൽ പരിക്ക് ഗുരുത്തരമല്ലാത്തതിനാൽ സാക ഇന്ന് പരിശീലനത്തിൽ ഏർപ്പെടുകആയിരുന്നു. ചെൽസിക്ക് എതിരായ ലണ്ടൻ ഡാർബിക്ക് മുമ്പ് ആഴ്സണലിന് ഇത് വലിയ കരുത്ത് പകരും.അതേസമയം മുമ്പ് പരിശീലനത്തിന് ഇടയിൽ പരിക്കേറ്റ സിഞ്ചെങ്കോയുടെ അഭാവം കുറെ മത്സരങ്ങളിലായി ആഴ്സണലിന് പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. അതിനാൽ തന്നെ താരത്തിന്റെ തിരിച്ചു വരവ് വലിയ കരുത്ത് ആവും ആഴ്സണലിന് പകരുക. പരിക്ക് മാറി മുഹമ്മദ് എൽനെനിയും നേരത്തെ പരിശീലനത്തിൽ ഏർപ്പെട്ടിരുന്നു. നിലവിൽ എമിൽ സ്മിത് റോ, മാറ്റ് ടർണർ എന്നിവർ ഒഴിച്ചു ബാക്കിയുള്ള മുഴുവൻ താരങ്ങളും പരിക്കിൽ നിന്നു മുക്തമായത് ആഴ്സണലിന് വലിയ ആത്മവിശ്വാസം ആണ് നൽകുക. നിലവിൽ ഇന്നത്തെ യൂറോപ്പ ലീഗ് മത്സരത്തിന് ശേഷം ലോകകപ്പ് തുടങ്ങുന്നതിനു മുമ്പ് ചെൽസി, വോൾവ്സ് എന്നിവർക്ക് എതിരായ പ്രീമിയർ ലീഗ് മത്സരങ്ങളും ബ്രൈറ്റണിനു എതിരായ ലീഗ് കപ്പ് മത്സരവും ആണ് ആഴ്സണലിന് കളിക്കാൻ ബാക്കിയുള്ള മത്സരങ്ങൾ.



## 144 വ്യാജ ഫിഫ ലോകകപ്ട്രോഫികൾ ഖത്വറിൽ പിടിച്ചെടുത്തു; നിയമലംഘകർക്കെതിരെ നടപടി

**ദോഹ:** 144 വ്യാജ ഫിഫ ലോകകപ് ട്രോഫികൾ ഖത്വറിൽ പിടിച്ചെടുത്തു. ലോകകപ് ട്രോഫിയുടെ വ്യാജ പതിപ്പുകൾ വിൽക്കുന്ന ഒരു വെബ്സൈറ്റിനെക്കുറിച്ച് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നവരെക്കുറിച്ച് അന്വേഷിക്കുകയായിരുന്നുവെന്നും പിന്നാലെയാണ് 144 വ്യാജ ട്രോഫികൾ പിടിച്ചെടുത്തതെന്നും അധികൃതർ അറിയിച്ചു. രാജ്യത്തെ ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ജനറൽ ഡയറക്ടറേറ്റിന് കീഴിലുള്ള ഇകനോമിക് ആൻഡ് സൈബർ ക്രൈംസ് കോംബാറ്റിങ് ഡിപാർട്മെന്റും ബൗദ്ധിക സ്വത്തവകാശ സംരക്ഷണത്തിനുള്ള കമിറ്റിയും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ഇവ പിടിച്ചെടുത്തത്.നിയമലംഘകർക്കെതിരെ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഖത്വറിൽ ലോകകപ ഫുട്ബോൾ മത്സരങ്ങളുടെ നടത്തിപ്പിനായി രൂപംകൊടുത്ത നിയമങ്ങളുടെ ലംഘനം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് നടപടിയെടുത്തതെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു.ലോകകപ സംഘാടനത്തിനുള്ള സുപ്രീം കമിറ്റി ഫോർ ലെഗസി ആൻഡ് ഡെലിവറിയും ഖത്വർ ആഭ്യന്തര മന്ത്രാലയവും ഫിഫയുടെ സഹകരണത്തോടെ ബൗദ്ധിക സ്വത്തവകാശം സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.ഇത്തരത്തിൽ നിയമലംഘനങ്ങൾ നടത്തുന്നതിൽ നിന്ന് എല്ലാവരും വിട്ടുനിൽക്കണമെന്നും നിയമലംഘനങ്ങൾ ശ്രദ്ധയിൽപെട്ടാൽ അറിയിക്കണമെന്നും പൊതുജനങ്ങളോട് അധികൃതർ ആവശ്യപ്പെട്ടു.




## ധവാനെ പുതിയ നായകനായി പ്രഖ്യാപിച്ച് പഞ്ചാബ് കിംഗ്സ്

ഐപിഎല്ലിലെ പതിനാറാം സീസണിൽ പുതിയ നായകനെ പ്രഖ്യാപിച്ച് പഞ്ചാബ് കിംഗ്സ്. ഇന്ത്യൻ ഏകദിന ടീമിൻറെ ഓപ്പണറായ ശിഖർ ധവാൻ ആണ് അടുത്ത സീസണിൽ പഞ്ചാബിനെ നയിക്കുക.കഴിഞ്ഞ സീസണിൽ പഞ്ചാബിനെ നയിച്ച മായങ്ക് അഗർവാളിന് പകരം ധവാൻ ടീമിനെ നയിക്കുമെന്ന് പഞ്ചാബ് കിംഗ്സ് ഔദ്യോഗികമായി അറിയിച്ചു.ഐപിഎല്ലിൽ രണ്ട് തവണ കൊൽക്കത്തയെയും കഴിഞ്ഞ ഏകദിന ലോകകപ്പിൽ ഇംഗ്ലണ്ടിനെയും ചാംപ്യന്മാരാക്കിയ ട്രവർ ബെയ്‌ലിസാണ് ടീമിൻറെ പരിശീലകൻ. മുൻ ഇന്ത്യൻ താരം അനിൽ കുംബ്ലക്ക് പകരമാണ് ബെയ്‌ലിസിനെ പഞ്ചാബ് പരിശീലകനായി തിരഞ്ഞെടുത്തത്. കഴിഞ്ഞ സീസണിൽ കെ.എൽ.രാഹുൽ ടീം വിട്ടതോടെയാണ് കർണാടക താരമായ മായങ്ക് അഗർവാൾ പഞ്ചാബ് ടീമിൻറെ നായകനായത്.മെഗാതാരലേലത്തിലൂടെ 8.25 കോടി രൂപയ്ക്ക് പഞ്ചാബിലെത്തിയ ധവാൻ 14 കളിയിൽ 460 റൺസാണ് കഴിഞ്ഞ സീസണിൽ നേടിയത്. കഴിഞ്ഞ വർഷം ധവാൻറെ നേതൃത്വത്തിൽ ഇന്ത്യൻ ടീം രണ്ട് പരമ്ബരയിലും ജയിച്ചു. ഐപിഎൽ പതിനാറാം സീസണിലെത്തുമ്ബോൾ ടീമിൻറെ പതിനാലാമത്തെ നായകനാണ് ശിഖർ ധവാൻ.

EDITORS CHOICE





# രാജീവേട്ടാ, നിങ്ങൾക്കു വേണ്ടി ഞാൻ ഇസ്താംബൂളിലേക്കു പോവും– വി.ഡി. സതീശൻ

രണ്ടാഴ്ച മുൻപായിരുന്നു ആ ഫോൺ സംസാരം.'നൈറ്റ് ഒഫ് ദി പ്ളേഗ് നീ കണ്ടോ, ഇറങ്ങിയിട്ടുണ്ടെങ്കിലും ബുക്ക് സ്റ്റോറിൽ എത്തീരിക്കാൻ വഴിയില്ല.'പുസ്തകം ഓൺ ലൈനിൽ ഓർഡർ ചെയ്തെങ്കിലും കൈയ്യിലെത്തി വായിച്ചു തുടങ്ങാൻ നിങ്ങൾ കാത്തു നിന്നില്ലല്ലോ. ഇന്ന് നിങ്ങൾ കണ്ണാടിക്കൂട്ടിൽ ഉറങ്ങുമ്പോൾ പറയണമെന്നു തോന്നി. 'പുസ്തകം കൈവശമുണ്ട്, ഒപ്പം കൊണ്ടുപോകുന്നോ"ഏതാനും വർഷം മുൻപ് ഒരു ട്രെയിൻ യാത്രയിലായിരുന്നു. മംഗളൂരുവിൽനിന്ന് തിരുവനന്തപുരത്തേക്ക്. കൂട്ടിന് ഓർഹാൻ പാമുക്കിന്റെ സ്നോ. തിരക്ക്, മടുപ്പ്, ഒറ്റപ്പെടൽ, ക്ഷീണം എല്ലാം ഒറ്റയടിക്ക് മാറ്റാൻ ഒന്നേയുള്ളൂ മാർഗം. നല്ലൊരു പുസ്തകക്കൂട്ട്. ട്രെയിനിൽ തിരക്കില്ല. ജനലോരത്തെ സീറ്റിലിരുന്ന് വായിച്ചുകൊണ്ടിരുന്നു. വണ്ടി കോഴിക്കോടും കടന്നതറിഞ്ഞില്ല. ഒരു ചായ വേണം. തലപൊക്കിയപ്പോൾ എതിരെ സീറ്റിൽ ഒരാൾ. മാതൃഭൂമി ആഴ്ചപ്പതിപ്പും കുറച്ച് പുസ്തകങ്ങളും സമീപം. കൈയ്യിലും ഉണ്ട് ഒന്ന്. തല പൊക്കാതെ വായന.പുസ്തകം എന്തെന്നറിയാൻ ചെറിയൊരു കൗതുകം. ആൾ ശ്രദ്ധിക്കുന്നില്ല. വായനയിൽ മുഴുകിയിരിക്കുകയാണ്. ഒടുവിൽ ചായ വന്നപ്പോഴാണ് തല ഉയർത്തിയത്. ഞങ്ങൾ ചായ വാങ്ങി. അദ്ദേഹം ചിരിച്ചു. എന്താ പുസ്തകം ചോദ്യം വന്നു. പുസ്തകം നീട്ടി. പിന്നീട് പാമുക്കിലൂടെ, ടർക്കിയിലൂടെ, യൂറോപ്യൻ സാഹിത്യത്തിലൂടെ ആ വാക്കുകൾ ഒഴുകി. കേട്ടിരുന്നു. മഹത്തരമായ ഒരു ക്ളാസു പോലെ. ഒടുവിൽ വിദ്യാർഥിയുടെ പേര് ചോദിച്ചു. പേര് പറഞ്ഞു. അധ്യാപകനും പേര് പറഞ്ഞു. ടി.പി. രാജീവൻ.എന്തൊരു യാത്രയായിരുന്നു അത്. അറിവാഴങ്ങളിലൂടെ നർമത്തിലൂടെ അഗാധസങ്കടങ്ങളിലൂടെ നഷ്ടങ്ങളിലും ആശങ്കകളിലുമൂടെ രാഷ്ട്രീയത്തിന്റെ തീച്ചൂളകളിലൂടെ പിന്നെ വിക്കിന്റെ അനന്താകാശത്തിലൂടെ നിങ്ങളെന്നെ കൊണ്ടുപോയി. മണിക്കൂറുകൾ പോയതറിഞ്ഞില്ല. ഏറ്റവും ഭംഗിയുള്ള ഒരു ഗുരു-ശിഷ്യ കൂട്ടുകെട്ട് അങ്ങനെ തുടങ്ങി. തിരുവനന്തപുരം സെൻട്രലിൽ വണ്ടിയെത്തിയപ്പോൾ അദ്ദേഹത്തെ വിളിക്കാൻ ദിലീപേട്ടനെത്തി. ചിരകാല സുഹൃത്തുക്കൾ'ഞങ്ങൾ ഇസ്താംബൂളിലേക്ക് പോകുന്നു. പാമുക്കിനെ നേരിട്ടറിയാൻ, യൂറോപ്പിന്റെ വ്യത്യസ്ത മുഖം കാണാൻ."എന്നെ ചൂണ്ടിക്കാട്ടി അദ്ദേഹം ദിലീപേട്ടനോട് പറഞ്ഞു. ഇസ്താംബൂളിലേക്ക് യാത്ര പോകാൻ കാത്തുനിൽക്കാതെ നിങ്ങൾ പോയി. ഇനി പുസ്തകങ്ങളെ കുറിച്ച്, സ്വപ്നങ്ങളെ കുറിച്ച്, ഭാഷയെ കുറിച്ച്, സ്നേഹത്തെ കുറിച്ച്, രാഷ്ട്രീയത്തെ കുറിച്ച് തുറന്നു സംസാരിക്കാൻ, ചോദ്യങ്ങൾ ഉന്നയിക്കാൻ, സംശയങ്ങൾ തീർക്കാൻ രാജീവേട്ടനില്ല.നിങ്ങൾ ഇല്ല എന്നൊരവസ്ഥയില്ല. നിങ്ങൾ എഴുതിയ വാക്കുകൾ, നിങ്ങൾ പറഞ്ഞ കഥകൾ, നിങ്ങൾ പാടിയ കവിതകൾ എന്നും ഉണ്ടാകും.നിങ്ങൾക്കു കൂടി വേണ്ടി ഞാൻ ഇസ്താംബൂളിലേക്ക് പോകും. വിട പറയുന്നില്ല. എന്നും നിറഞ്ഞ സ്നേഹം, ആദരവ്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com